വ്യക്തിപരമായ വിശദീകരണം

ഭക്ഷ്യ-വിനോദ സഞ്ചാര - നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, എന്നെക്കുറിച്ച് വ്യക്തിപരമായി ബഹുമാനപ്പെട്ട നാലകത്ത് സൂപ്പിയുടെ പ്രസംഗത്തിനിടയിൽ ഒരു പരാമർശമുണ്ടായി. അതിനൊരു എക്സ്പ്ലനേഷൻ എന്നേ ഉദ്ദേശിക്കുന്നുള്ളു. അദ്ദേഹം സൂചിപ്പിച്ചത് സംവരണത്തെക്കുറിച്ച് ഞാൻ പാർട്ടിയുടെ പ്രഖ്യാപിത നയത്തിനെതിരായി ചിലരെക്കൂടി സംഘടിപ്പിച്ചുകൊണ്ട് ഒരു നിലപാട് സ്വീകരിച്ചുവെന്നുള്ളതാണ്. ഞങ്ങളുടെ പാർട്ടിയുടെ പ്രഖ്യാപിത നയമനുസരിച്ചല്ലാതെ അതിൽനിന്ന് അണുവിട മാറി ഞാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുപോലെ തന്നെ ക്യാബിനറ്റിന്റെ സബ് കമ്മിറ്റിയിലും ക്യാബിനറ്റിലും നമ്മൾ അതിനെ സംബന്ധിച്ചെടുത്ത തീരുമാനങ്ങൾ ഏകകണ്ഠമായിട്ടായിരുന്നു. 48 വർഷമായിട്ട് സി.പി.ഐ യുടെ ഒരു മെമ്പറായ ഞാൻ ഇതേവരെ ഏതെങ്കിലും ഒരു കാര്യത്തിൽ പാർട്ടിയുടെ അച്ചടക്കം ലംഘിച്ചതായി ഇതേവരെ ഒരു പരാതി കിട്ടിയിട്ടില്ല. രണ്ടാമത്തേത് ബഹു. നാലകത്ത് സൂപ്പി പ്രസംഗിച്ചപ്പോൾ ഒരു ഫയൽ അപ്രത്യക്ഷമായെന്ന് പറഞ്ഞു. ആ ഫയൽ നമ്പർ 1774/Leg-A1/96. ലാ ഡിപ്പാർട്ട്മെന്റ്. അത് ആരോ നശിപ്പിച്ചുവെന്ന് പറഞ്ഞു. അത് നശിപ്പിച്ചിട്ടില്ല ഫയൽ നമ്പർ 21392/Leg A1/99/Law എന്നതിന്റെ കൂടെ ചേർത്ത് ബാക്ക്വേർഡ് കമ്മ്യൂണിറ്റീസ് ഡിപ്പാർട്ടുമെന്റിൽ കൊടുത്തിരിക്കുകയാണ്. അവിടെനിന്നും ഞാൻ വാങ്ങിച്ച് ഇവിടംവരെ കൊണ്ടുവന്നിരിക്കുകയാണ്. നശിപ്പിച്ചുവെന്നുള്ള അദ്ദേഹത്തിന്റെ ധാരണ പിശകാണെന്നു കൂടി ഓർമ്മിപ്പിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഇവിടെ ചർച്ചയുടെ ഘട്ടത്തിൽ ബഹു. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു പ്രശ്നം തെറ്റിദ്ധരിപ്പിക്കാൻ ഇടവരുന്ന തരത്തിൽ അവതരിപ്പിക്കുകയുണ്ടായി. ഒരു ഉത്തരവ് ഇവിടെ വായിക്കുകയും ചെയ്തു. വൈദ്യുതി വകുപ്പിനെ സംബന്ധിച്ചുള്ള ഡിമാന്റ് ചർച്ചയിൽ അന്ന് പ്രതിപക്ഷം അവസാന ഘട്ടത്തിൽ വാക്കൗട്ട് നടത്തിയിരുന്നു. ആ വാക്കൗട്ട് നടത്തിയ സന്ദർഭത്തിൽ ഹൈഡൽ ടൂറിസത്തെക്കുറിച്ച് ഞാൻ ഇവിടെ വിശദീകരിച്ചിരുന്നു. ഹൈഡ്രോ പ്രോജക്ടുകളുള്ള സ്ഥലത്ത് മറ്റേതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിനു പ്രവേശിക്കാനാവില്ല. അതേ സമയം ഹൈഡൽ പ്രോജക്ട് ഏരിയായിൽ ടൂറിസത്തിന്റെ സാദ്ധ്യതകളുണ്ടെന്നു കണ്ടാൽ അതിന്റെയടിസ്ഥാനത്തിൽ ആ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് ആ പ്രോജക്ട് ഏരിയായുടെ സുരക്ഷിതത്വത്തിനു കോട്ടം തട്ടാതെയും പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടും ഇപ്രകാരം ഒരു ഹൈഡൽ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഈ സഭയെ വിശ്വാസത്തിലെടുത്ത് ഈ സഭയിൽത്തന്നെ വിശദീകരിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. അല്ലാതെ അതിനകത്ത് സ്വകാര്യമായി ഒളിച്ചു വയ്ക്കേണ്ടതായ ഒന്നുമില്ല. അതാണ് എനിക്ക് പറയുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളും ഭരണകക്ഷിയംഗങ്ങളും നടത്തിയ പരാമർശനവും വിമർശനവും കേട്ടു. അതിൽ നല്ല ഭാഗം സ്വീകരിക്കുമെന്നും അല്ലാത്ത ഭാഗം നിരാകരിക്കുമെന്നും ഒറ്റ വാചകത്തിൽ പറയുകയാണ്. നയപ്രഖ്യാപന പ്രസംഗം തുടങ്ങുന്ന ദിവസം കറുത്ത കൊടി വീശി ഈ ഗവൺമെന്റ് രാജി വെയ്ക്കണമെന്ന് പറഞ്ഞാണ് മുദ്രാവാക്യം. അതൊരുപക്ഷേ ശ്രീ.എ.കെ. ആന്റണി തിരുത്തുമായിരിക്കും. ഇന്നത്തെ പ്രസംഗത്തിന്റെ ടോൺ കേട്ടാൽ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പലരും ആലോചിക്കുന്നതല്ല ശ്രീ. എ.കെ .ആന്റണിയുടെ ഈ ടോണിൽക്കൂടി വന്നിട്ടുള്ളതെന്ന് എനിക്കറിയാം. അതിന്റെ ബാക്ക്ഗൗണ്ട് നിങ്ങളെക്കാളും എനിക്കറിയാം. ഉദാഹരണം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താം. 12-ാം തീയതി ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽ വന്ന ഒരു റിപ്പോർട്ട് ഉണ്ട്. അതായത് അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ വക്താക്കളായ അജിത് ജോഗിയോടും അനിൽ ശാസ്ത്രിയോടും പത്രക്കാർ കേരളത്തിലെ മാർക്സിസ്റ്റ് വിരുദ്ധസമീപനത്തെപ്പറ്റി ചോദിച്ചു. ഇവിടത്തെ ലഹളയെക്കുറിച്ച് ചോദിച്ചു. നിയമസഭാ സമ്മേളനം തുടങ്ങിയ ദിവസം കറുത്ത കൊടിയൊക്കെ പിടിച്ച് ഗവൺമെന്റ് രാജിവയ്ക്കണമെന്ന് പറഞ്ഞ് നിങ്ങൾ പോയല്ലോ. അതിനുശേഷം ആൾ ഇൻഡ്യാ കോൺഗ്രസ് നേതാക്കളായ അജിത് ജോഗിയോടും അനിൽ ശാസ്ത്രിയോടും (അവരെ ആന്റണിക്ക് അറിയാം) ഒരു ചോദ്യം പത്രക്കാർ ചോദിച്ചു. അവരുടെ റഗുലർ പ്രസ്സ് ബ്രീഫിംഗ് ഉണ്ടായി. ആൾ ഇൻഡ്യാ കോൺഗ്രസ് കമ്മിറ്റിയുടെ വക്താക്കളായി ഡെയ്ലി പ്രസ്സ് ബ്രീഫിംഗ് നടത്തുന്ന രണ്ട് നേതാക്കളാണ് അജിത് ജോഗിയും അനിൽ ശാസ്ത്രിയും. അവർ പറഞ്ഞു. (തടസ്സം) ഇൻഡ്യൻ എക്സ്പ്രസ്സിൽ റിപ്പോർട്ട്. Congress High Command mum on violence in Kerala. ഹെഡ് ലൈൻ അതാണ്. നിങ്ങൾ പറയുന്നതൊന്നുമല്ല, അപ്പുറത്തുള്ളവർക്കൊന്നും ഇതറിയില്ല, രാഷ്ട്രീയം അറിയില്ല. അതാണ് ഞാൻ മിണ്ടാത്തത്. തുള്ളുന്നത് തുള്ളുന്നതായിട്ട് അവിടെ കിടക്കും. അത്രയേയുള്ളു. അതേ സമയത്ത് പറയുന്നത് എന്താണ്?

"The problem was raised to Anil Sastri and Ajit Jogi at the press briefings, but there was no response as such''; ഇവിടത്തെ വയലൻസിനെപ്പറ്റി എന്നിട്ട് പറയുകയാണ്.

"This makes it clear that the congress does not want to embitter the CPM at the national level as it has to hebnob with the CPM for one thing or the other on the plea of a common secular stance''.

"It has also been evident that the Congress does not want to send out wrong signals by projecting serious rift among the opposition parties of the national level''.

ആന്റണി ഇപ്പോൾ പറഞ്ഞതിന്റെ സ്വരം എന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പ്രസംഗിച്ചതിന്റെ സ്വരം എന്താണ്? ആൾ ഇൻഡ്യാ കോൺഗ്രസ്സിന്റെ അഭിപ്രായമാണ് ഈ വക്താക്കൾ പറഞ്ഞത്. അവർ തിരുവനന്തപുരത്തു വന്നിട്ട് രണ്ടു ദിവസമേ ആയിട്ടുള്ളു. ശ്രീ.മാണിക്ക് ഇത് തിരിയില്ല. ശ്രീ. മാണി മന്ത്രി സ്ഥാനത്തിന് കുപ്പായവുമിട്ട് പോകുമെന്നേയുള്ളു. ഇത് മനസ്സിലാകില്ല. ഇത് രാഷ്ട്രീയമാണ്. ശ്രീ.ആന്റണി പ്രസംഗിച്ചപ്പോൾ സ്വയം വിമർശനപരമായിട്ടല്ലെങ്കിലും ചില തിരുത്തലുകൾ പറയുകയുണ്ടായി. ഞങ്ങൾ ബി.ജെ.പി യുടെ കൂടെ കൂടുകയില്ല എന്നു പറയുകയുണ്ടായി. ശരിയാണ്, സ്വാഗതാർഹമാണ്. പക്ഷെ വി.പി. സിംഗിനെ താഴെയിറക്കാൻ ആരുമായിട്ടാണ് നിങ്ങൾ കൂടിയത്? സ്വയം വിമർശനമാണെങ്കിൽ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഞങ്ങളും തെറ്റു ചെയ്താൽ സ്വയം വിമർശനം നടത്താറുണ്ട്. തിരുത്താറുമുണ്ട്. വി.പി സിംഗിനെയും ചന്ദ്രശേഖറിനെയും പുറത്താക്കാൻ ആരുമായിട്ടാണ് നിങ്ങൾ കൂട്ടുകൂടിയത്. ഒക്ടോബറിൽ ബി. ജെ.പി. അധികാരത്തിൽ വരാനിടയായത് എന്തുകൊണ്ടാണ്? അത് ശ്രീ. ആന്റണിയടക്കമുള്ള വർക്കിംഗ് കമ്മിറ്റിയുടെ ഡിസിഷൻ അല്ലേ? നിങ്ങൾ പറ

LIBRARY ARCHIVES Kerala Legislative Assembly

ഞത് ഒരു യുണൈറ്റഡ് ഫ്രണ്ട് എന്നല്ലേ? ഒറ്റയ്ക്ക് നിങ്ങൾക്ക് 535 സീറ്റിൽ 312 എണ്ണം നേടിയെടുക്കാൻ കഴിഞ്ഞോ? എവിടെ സീറ്റ്? ഒരു കാലീഷൻ ആയിരുന്നെങ്കിൽ ഇപ്പോൾ ബി.ജെ.പി. അധികാരത്തിൽ വരുമായിരുന്നോ? ബി.ജെ.പി. ഇന്ന് അധികാരത്തിലിരിക്കുന്നതിന്റെ ഒറ്റക്കാരണം നിങ്ങളല്ലേ? സെൽഫ് ക്രിട്ടിക്കലായിട്ടു എടുത്താൽ അതിനെ ഞാൻ സ്വാഗതം ചെയ്യും. ഉദാഹരണത്തിന് ആർ.എസ്.എസിൽ ചേരാൻ ഗുജറാത്ത് ഗവൺമെന്റ് തീരുമാനിച്ചു. അതിനെതിരായി ഫൈറ്റ് ചെയ്തു. അത് സ്വാഗതാർഹമായ കാര്യമാണ്. അതുപോലെതന്നെ യു.പിയിലെ കാര്യം. റിലീജിയസ് കൺവെർഷൻ പാടില്ല. റിലീജിയസ് കൺവർഷനു മജിസ്ട്രേറ്റിന്റെ സമ്മതം വേണം. മജിസ്ട്രേറ്റിന്റെ സമ്മതത്തോടുകൂടിയല്ലാതെയുള്ള റിലീജിയസ് കൺവെർഷൻ ഇവിടത്തെ ക്രിസ്ത്യാനികൾ സ്വീകരിക്കുമോ? യു.പി ഗവൺമെന്റ് അതു കൊണ്ടുവരാൻ പോകുന്നു. ഒരു മജിസ്ട്രേറ്റിന്റെ സമ്മതമില്ലെങ്കിൽ മതം മാറാൻ പറ്റുകയില്ല. അത് കോൺസ്റ്റിറ്റ്യൂഷന് എതിരല്ലേ? നിങ്ങൾ അപ്പുറത്തിരുന്ന് തുള്ളിയിട്ട് വെള്ളത്തിൽ വീഴണ്ടായെന്നേ ഞാൻ പറയുന്നുള്ളു.എന്താണ് ഇൻഡ്യയിൽ നടക്കാൻ പോകുന്നത്? ഗുജറാത്തിൽ ആർ.എസ്.എസ് എന്നു പറഞ്ഞാൽ എന്താണ്? അട്ടർ ഫാസിസ്റ്റ് ഓർഗനൈസേഷനല്ലേ? അതുപോലെ ഒറീസ്സായിൽ ധാരാസിംഗ് രണ്ടു പുരോഹിതൻമാരെയും രണ്ടു കുട്ടികളേയും ചുട്ടു കൊന്നത് കോൺഗ്രസ് ഭരിക്കുമ്പോഴല്ലേ? എന്നിട്ടിപ്പോൾ ധാരാസിംഗിനെ സഹായിക്കാൻ ബി.ജെ.പി യിലെ ഒരു എം.പി. അദ്ദേഹത്തിന് ജാമ്യം നിൽക്കാൻ പോകുന്നു. അദ്ദേഹം ബി.ജെ.പി അല്ലെന്നാണ് പറയുന്നത്. ഇതല്ലേ ഇൻഡ്യാ രാജ്യത്ത് നടക്കുന്നത്? ഇൻഡ്യൻ നാഷണൽ കോൺഫ്ളിക്ട്സ് കാണാതെ കേരളം മാത്രം കണ്ടുകൊണ്ട് നിങ്ങൾക്ക് തുള്ളാൻ പറ്റുമോ? ഇത് ഇൻഡ്യൻ പൊളിറ്റിക്സിന്റെ ഭാഗമല്ലേ? ഇപ്പോൾ ശ്രീ. എ.കെ. ആന്റണി പറഞ്ഞു,- നിങ്ങളിൽ പലരും ബി.ജെ.പി.യുമായിട്ട് നമുക്ക് കൂട്ടുകെട്ടില്ല. നിങ്ങളിൽ പലരും ബി.ജെ.പി യിൽ ചേരുന്നവരായി കൂട്ടത്തിലുണ്ടാകും. ആളുകളുടെ പേരും മറ്റു വിവരങ്ങളുമെല്ലാം എനിക്ക് നന്നായിട്ടറിയാം. ശ്രീ. എ.കെ. ആന്റണിയുടെ പ്രസംഗത്തിൽ ആദ്യത്തെ പോളിസിയെന്നു പറയുന്നത് ബി.ജെ.പിക്കെതിരെ ഫൈറ്റ് ചെയ്യുമെന്നുള്ളതാണ്. പറഞ്ഞ വാക്ക് അതുപോലെ നടപ്പിലാക്കുകയാണെങ്കിൽ അത് സ്വാഗതാർഹമായ കാര്യമാണ്. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയിൽ ശ്രീ. എ.കെ. ആന്റണി മാത്രം പറഞ്ഞാൽ അത് നടപ്പിലാകുമോ? ബഹു. വയലാർ രവി ഇവിടെ ഒരു പ്രസ്താവന ഇറക്കിയല്ലോ. ഇപ്പോൾ കോൺഗ്രസ്സിനകത്ത് പുതിയതായി നടക്കുന്ന ചർച്ചയുടെ ഭാഗമായിട്ടാണ് അദ്ദേഹം ആ പ്രസ്താവന ഇറക്കിയത്. ശ്രീ. എ.കെ. ആന്റണി പറഞ്ഞതിന്റെ വിപരീതമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ശ്രീ. എ.കെ. ആന്റണി ഇപ്പോൾ ഇവിടെ വിശദീകരിച്ചതുതന്നെ വിപരീതമായിട്ടുള്ള കാര്യമാണ്. അനിയന്ത്രിതമായി സാമ്പത്തിക ഉദാരവൽക്കരണത്തെയും ആഗോളവൽക്കരണത്തെയും ശക്തമായി പിന്തുണയ്ക്കുന്നു. ഒരു നയം പുനരവലോകനം ചെയ്യണമെന്നുള്ള ചിന്ത കോൺഗ്രസിൽ ശക്തിപ്പെട്ടുവരികയാണ്. കോൺഗ്രസിന്റെ തകർച്ചയ്ക്കും പരാജയത്തിനും പല കാരണങ്ങളുണ്ട്. അതിലൊന്നു സാമ്പത്തികനയം തന്നെയാണ്. ബഹു. എ.കെ. ആന്റണി അക്കാര്യം സമ്മതിക്കുന്നുണ്ട്. ആന്റണിയുടെ റിപ്പോർട്ടിൽ അത് ഉണ്ടെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഉണ്ടോയെന്നു എനിക്കറിയില്ല. ഇക്കണോമിക് പോളിസിയെ ന്യായീകരിച്ച് ശ്രീ. എ.കെ. ആന്റണി ഇപ്പോൾ പറഞ്ഞത് സ്വീകരിക്കുമോ? നമുക്ക് സ്വീകാര്യമാകുകയില്ല. ഇക്കണോമിക് പോളിസിയെ ന്യായീകരിച്ച് എന്ത് പ്രസംഗിച്ചാലും സ്വീകാര്യമാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് ഇത്രയും തോൽക്കാൻ ഒന്നാമത്തെ കാരണം സാമ്പത്തിക നയം തന്നെയാണെന്നാണ് വയലാർ രവി പറഞ്ഞിരിക്കുന്നത്. വയലാർ രവി നിങ്ങളുടെ കൂട്ടത്തിലെ നേതാവല്ലേ? ഒരാൾ ഒരു പക്ഷെ അല്ലെന്നു പറഞ്ഞേക്കും. ഗ്രൂപ്പ് ആയതുകൊണ്ട്. അദ്ദേഹം ഇന്റർവ്യൂവിന് സ്റ്റേറ്റ്മെന്റ് പരസ്യമായിട്ട് ദേശാഭിമാനിക്ക് കൊടുത്തിട്ടുണ്ട്. ഈ ഇക്കണോമിക് പോളിസിയെ സംബന്ധിച്ചു ശ്രീ. എ.കെ. ആൻണി പറഞ്ഞിട്ടുണ്ട്. പക്ഷെ സ്വീകരിച്ചിട്ടില്ലായെന്നാണ് അതിലെ സൂചന. അതിരിക്കട്ടെ, ശ്രീ. എ.കെ. ആന്റണിയുടെ ആദ്യത്തെ ആൾ ഇൻഡ്യാ നാഷണൽ പൊളിറ്റിക്സിനെ സംബന്ധിച്ച് പറഞ്ഞ കാര്യത്തിൽ മുമ്പത്തേത് തിരുത്തുന്നുണ്ടോയെന്നു ഞാൻ ചോദിക്കുകയാണ്. മുൻപേ നിങ്ങൾ തിരുത്തിയിട്ടുണ്ടാകണം. ഇല്ലെങ്കിൽ തിരുത്തുമെന്ന് പറയുകയില്ല. സ്വയം വിമർശനം നടത്താത്ത ഒറ്റപ്പാർട്ടി ഉണ്ടെങ്കിൽ അത് കോൺഗ്രസാണ്. ഞങ്ങളൊക്കെ സ്വയം വിമർശനം നടത്താറുണ്ട്. തെറ്റു പറ്റിയാൽ തെറ്റെന്നു പറയാറുണ്ട്. കോൺഗ്രസ് കൊന്നാലും പറയുകയില്ല. അതാണ് കോൺഗ്രസിന്റെ ഗുണം. ഇന്നത്തെ അനാലിസിസിന്റെ വെളിച്ചത്തിൽ ബി.ജെ.പി യു മായി കൂട്ടുകൂടി വി.പി സിംഗ് ഗവൺമെന്റിനെ പുറത്താക്കിയത് ശരിയാണെന്ന് ഇപ്പോൾ പറയാൻ സാധിക്കുമോ? സാധിക്കുകയില്ല. അതുപൊലെ ചന്ദ്രശേഖർ ഗവൺമെന്റിനെ പുറത്താക്കിയത് ശരിയാണെന്ന് പറയാൻ സാധിക്കുമോ? കോൺഗ്രസ്സ് പുറത്തുപോയി. ദേവഗൗഡ ഗവൺമെന്റിനെ പുറത്താക്കാൻ ഇടവന്നതും ഗുജറാൾ ഗവണ്മെന്റ് വന്നതും ഗുജറാളിനെ പുറത്താക്കിയതും ശരിയാണെന്ന് ന്യായീകരിക്കാൻ നിങ്ങൾക്കാകുമോ. ഒകടോബറിൽ നിങ്ങൾ ഒറ്റയ്ക്ക് നിൽക്കുമെന്ന് പറഞ്ഞിട്ട് ബി.ജെ.പി യെ അധികാരത്തിൽ കൊണ്ടുവന്നതിനെ നിങ്ങൾക്ക് ന്യായീകരിക്കാൻ ആകുമോ? ഇതാണ് ഞങ്ങളുടെ ക്രിട്ടിസിസം. നിങ്ങളും ബി.ജെ.പി യും യോജിക്കുന്നു. നിങ്ങളുടെ നയം ബി.ജെ.പി യെ സഹായിക്കുന്നു. ഇൻഡ്യയിൽ 45 കൊല്ലക്കാലം ഭരിച്ചത് കോൺഗ്രസ് അല്ലേ? ഞങ്ങളൊക്കെ ഒരു കാലത്ത് കോൺഗ്രസ്സായിരുന്നു 1942 വരെ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അന്ന് ഞങ്ങളുടെ നേതാവായിരുന്നു. ഇൻഡ്യയിലെ 26 സംസ്ഥാനങ്ങളിൽ അഞ്ച് സംസ്ഥാനം നിങ്ങളുടെ കൈയ്യിലുണ്ടോ? നിങ്ങൾ അക്കാര്യം സ്വയം വിമർശനപരമായി പരിശോധിക്കണ്ടേ? എന്തുകൊണ്ട് 21 സ്റ്റേറ്റ് പോയി? ബി.ജെ.പി ക്ക് ഒരു കാലത്ത് ലോകസഭയിൽ രണ്ടു സീറ്റല്ലേ ഉണ്ടായിരുന്നത്? ഇന്ന് എങ്ങനെ 118 സീറ്റ് വന്നു? എങ്ങനെ ഇതിലേയ്ക്ക് എത്തിയെന്നുള്ളത് നമ്മൾ ആലോചിക്കണം. ഡൽഹിയിൽ നടക്കുന്ന ഈ അണ്ടർഗ്രൗണ്ട് വർക്ക് മുഴുവൻ അറിയുന്നവരാണ്. അത് ശ്രീ. ആന്റണിക്ക് അറിയാം. നിങ്ങൾ ഒരു കാലത്ത് പിൻതുടർന്ന നയം തിരുത്തിയാലേ ഇനി മുന്നോട്ടു പോകാൻ ആകൂ. സാമ്പത്തിക നയം തിരുത്തണമെന്ന് ബഹുമാനപ്പെട്ട എ.കെ.ആന്റണി പറഞ്ഞിട്ടില്ല. പൊളിറ്റിക്കൽ നയം തിരുത്തുമെന്നേ ആന്റണി പറഞ്ഞിട്ടുള്ളൂ. ഇക്കണോമിക് ലൈനിന്റെ ജസ്റ്റിഫിക്കേഷനാണ് നിങ്ങൾ നടത്തിയത്; അത് തെറ്റാണ് ഈ ഇക്കണോമിക് നയമാണ് കോൺഗ്രസിനെ തകർച്ചയിലേക്ക് എത്തിച്ചതെന്ന് വയലാർ രവി പറഞ്ഞതിൽ കുറച്ച് ശരിയുണ്ട്. അതാണ് നിങ്ങൾ നോക്കേണ്ടത്. ബഹുമാനപ്പെട്ട ആന്റണി റിപ്പോർട്ട് സമർപ്പിച്ചിട്ട് വല്ലതും ഗുണം ഉണ്ടോ? അവിടെ പിന്നെയും തമ്മിൽ പിരിഞ്ഞുപോകണമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയല്ലേ? നിങ്ങളുടെ ഇക്കണോമിക് പോളിസി മാറ്റാത്തിടത്തോളം കാലം കോൺഗ്രസ്സ് രക്ഷപ്പെടുകയില്ല. ഇവിടെ ബാങ്ക് ദേശസാൽക്കരിച്ചതിനെക്കുറിച്ച് പറഞ്ഞു. അന്ന് ഞാൻ ലോകസഭയിലായിരുന്നു. ഞങ്ങൾ സഹായിച്ചില്ലെങ്കിൽ ഇന്ദിരാഗാന്ധിയുടെ ബിൽ പാസാ

LIBRARY ARCHIVES Kerala Legislative Assembly

കുമായിരുന്നോ? ശ്രീ. ആന്റണിയ്ക്കു വല്ലതും അറിയാമോ? 1967 ൽ ഞാൻ ലോകസഭയിലെ മെമ്പറാണ്. അന്ന് ശ്രീ.രാമമൂർത്തിയും എ.കെ.ജി യും എല്ലാവരും ഉണ്ട്. ആ ലോകസഭയിൽ ഇന്ദിരഗാന്ധി ബിൽ കൊണ്ടുവന്നപ്പോൾ ഞങ്ങൾ മുഴുവനും സപ്പോർട്ട് ചെയ്തു. അങ്ങനെയാണ് മജോറിട്ടി കിട്ടിയത്. അന്ന് കോൺഗ്രസ് രണ്ടു ചേരിയായി നിൽക്കുകയായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി പൂർണ്ണമായി സപ്പോർട്ട് ചെയ്തു. കമ്മ്യൂണിസ്റ്റ് പാർട്ടി യോജിച്ച് സപ്പോർട്ട് ചെയ്തത് കൊണ്ട് അത് പാസാക്കി. ഞങ്ങൾ യുണൈറ്റഡ് ആണ് എങ്കിലും രണ്ടാണ്. അത് പാസ്സാക്കിയെടുക്കാൻ ഞങ്ങളും കൂടി സപ്പോർട്ട് ചെയ്തു. എന്തുകൊണ്ട്? അത് ഇൻഡ്യൻ പുരോഗതിയ്ക്ക് ആവശ്യമാണ് എന്നതുകൊണ്ടാണ്. ഇമ്പീരിയലിസത്തിന്റെ കയ്യിലാണ് ബാങ്കുകളൊക്കെ. അത് നാഷണലൈസ് ചെയ്യണം. ബാങ്കുകൾ നാഷണലൈസ് ചെയ്യാൻ ഞങ്ങളും സപ്പോർട്ട് ചെയ്തില്ലേ? ഇന്നോ? 1991 ൽ ശ്രീമാൻ നരസിംഹറാവുവിന്റെ കാലം മുതൽ മൻമോഹൻ സിംഗ് ആയിരുന്നു വേൾഡ് ബാങ്കിന്റെ വക്താവ്. അദ്ദേഹത്തെയല്ലേ നിങ്ങൾ പ്രധാനമന്ത്രിയാക്കാൻ കണ്ടു വച്ചത്? നിങ്ങൾ യോജിച്ചാലും ശരി യോജിച്ചില്ലെങ്കിലും ശരി ഞങ്ങൾക്ക് അതിനോട് യോജിപ്പില്ല. വേൾഡ് ബാങ്കിന്റ സഹായത്തോടുകൂടി ചൈനയെ മനസ്സിലാക്കാൻ ഞാൻ രണ്ടു തവണ പോയതാണ്. അത് വേറെ. ചൈനയെ വിട്ടു. ഇപ്പോൾ സൗത്ത് കൊറിയ എവിടെ കിടക്കുന്നു? സൗത്ത് കൊറിയയും തായ്വാനും വളരെ ഇമ്പോർട്ടന്റാണ്. ഇക്കണോമിക്കലി വളരെ തകർന്നു കിടക്കുകയല്ലേ? വിദ്യാർത്ഥികളും തൊഴിലാളികളും മുഴുവൻ സ്ട്രഗിൾ നടത്തുകയാണ്. അതുപോലെ കിടന്നിരുന്നതാണ് ഇൻഡോനേഷ്യാ. ഇപ്പോഴിതാ ഇലക്ഷനിൽ അല്പം മാറ്റം വന്നു. എങ്കിലും Communical riots are going on. ലോകത്തിൽ ഏറ്റവുമധികം മുസ്ളീംങ്ങൾ ഉള്ളത് ഇൻഡോനേഷ്യ കഴിഞ്ഞാൽ ഇവിടെയാണ്. ക്രിസ്താനികളും ഇസ്ളാമും തമ്മിൽ സ്ട്രഗിൾ നടക്കുകയാണ്. കൂട്ടക്കൊല നടക്കുകയാണ്. അവിടെ അമേരിക്കയുടെ ഇൻഫ്ളുവൻസ് ഇപ്പോഴുമുണ്ട്. ഷുക്കാർനോവിന്റെ പുത്രി ജയിച്ചു എങ്കിലും ഷുക്കാർനോവിന്റെ പുത്രിയാണ് വൈസ് പ്രസിഡന്റ്. എങ്കിലും ഇപ്പോഴത്തെ പ്രസിഡന്റിന് അത് കാണാൻ കഴിയില്ല. American influence is there. 2500 ഓളം ദ്വീപുകളുണ്ട്. ആ ദ്വീപുകളിൽ കലാപമാണ്. സൗത്ത് കൊറിയ, തായ്വാൻ ഇവിടെയൊക്കെ ഇപ്പോഴും എക്സ്പ്ലോയിറ്റേഷനും കൊള്ളയും അൺ എംപ്ളോയ്മെന്റ് ക്രൈസിസും ഒക്കെ നടക്കുന്നു. ഇത് ഇൻഡ്യയിലും വരാൻ പോവുകയാണ്. ബി.ജെ.പി ഇപ്പോൾ ഫുൾ ആയിട്ടു അമേരിക്കയുടെ കൂടെയാണ്. നിങ്ങളും ഞാനും മാത്രം വിചാരിച്ചാൽ ഒന്നും നടക്കുകയില്ല. ഫുൾ ആയിട്ട് ഇൻഡ്യൻ പീപ്പിളിന്റെ കൈകൊണ്ടു മാത്രമേ മാറ്റാൻ കഴിയുകയുള്ളു.

ഈ ഉദാരവൽക്കരണം, ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം ഒക്കെ പൂർണ്ണമായും കയ്യിൽ വയ്ക്കുകയാണ് ബി.ജെ.പി. യുടെ എക്കണോമിക് പോളിസി ചെയ്യുന്നത്. രാജ്യസഭയിൽ എല്ലാ കക്ഷികളും യോജിച്ചാലും അവർക്കു ഭൂരിപക്ഷമില്ല. ആ ഒരൊറ്റ കാര്യമുണ്ട്. ലോകസഭയിൽ അവർക്ക് ഭൂരിപക്ഷം ഉണ്ട്. രാജ്യസഭയിൽ ഇല്ല. എങ്കിലും കോൺഗ്രസ് നയം മാറ്റാത്ത കാലത്തോളം ഞാൻ പറഞ്ഞ ബാങ്ക് ദേശസാൽക്കരണം, പാറ്റന്റ് ബിൽ ഇതൊക്കെ കോൺഗ്രസ് അവർക്ക് സഹായിക്കുകയാണ് ചെയ്യുന്നത്. ഈ ഇക്കണോമിക്ക് പോളിസി മാറ്റാത്ത കോൺഗ്രസിനെ മാറ്റാൻ കഴിയില്ല. നിങ്ങളും ഞാനും തമ്മിൽ എന്തു യുദ്ധം ചെയ്തിട്ടും കാര്യമില്ല. ഇൻഡ്യൻ പോളിസിയാണ് ഇതിൽ പ്രധാനം. രണ്ടുപേരെ ഇപ്പുറത്തുകൂട്ടി രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പേരെ അപ്പുറത്തു കൂട്ടിയതുകൊണ്ട് സംഗതി നടക്കുകയില്ല. ഇൻഡ്യൻ പോളിസി മാറ്റണം. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഇക്കണോമിക് പോളിസിയാണ് കോൺഗ്രസിന്റെ ഒരു സ്ട്രാറ്റജി. ആ പോളിസി മാറ്റുമോ? അതുപോലെ ബി.ജെ.പി. യുമായിട്ടുള്ള ധാരണ മാറ്റണം. ഇത് മാറ്റാത്തിടത്തോളം കാലം കോൺഗ്രസ് ഇരിക്കില്ല. നിങ്ങൾ എന്തു തന്നെ കളിച്ചാലും ആ കളി ഇവിടെ നടക്കില്ല. ബി.ജെ.പി. യുടെ കയ്യിലാണ് ഇക്കണോമിക് പോളിസിയുടെ കയ്യിലുള്ള മുഴുവൻ അധികാരവും. അത് കൂടുതൽ ശക്തിപ്പെടാൻ പോവുകയാണ്. ഇനിയും കോൺഗ്രസ് തകരാൻ പോവുകയല്ലേ? കാരണം Communalism is advancing. ക്രിസ്ത്യാനിയും മുസ്ലീമും ഈ രാജ്യത്തുണ്ട്. ന്യൂനപക്ഷങ്ങളുമുണ്ട്. ബാക്കിയുള്ളതിനെപ്പറ്റിയൊന്നും ചിന്തിക്കണ്ട. എല്ലാം കാശുകൊടുത്ത് വാങ്ങും. ശ്രീ. പാന്തിന്റെ മകന് പാർട്ടിയിൽനിന്ന് പോകാമെങ്കിൽ സുധാകരനാണോ വലിയ ആള്? മീരാ കുമാരിക്ക് പാർട്ടിയിൽ നിന്ന് പോകാമെങ്കിൽ ശ്രീ. സുധാകരനാണോ വലിയ ആള്? കഴിഞ്ഞ രണ്ടാഴ്ച മുമ്പ് ആന്ധ്രയിലെ ഡി. സി.സി പ്രസിഡന്റിന് രാജി വയ്ക്കാമെങ്കിൽ ശ്രീ. സുധാകരനാണോ വലുത്? എം.എസ്. കൃഷ്ണന് കോൺഗ്രസിൽ നിന്ന് രാജിവയ്ക്കാമെങ്കിൽ ശ്രീ. സുധാകരനാണോ വലുത്? എം.എസ് കൃഷ്ണൻ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടേയും കാലത്ത് രണ്ടുപ്രാവശ്യം മന്ത്രിയായിരുന്ന ആളാണ്? നിങ്ങൾ എന്താ വിചാരിക്കുന്നത്? ഇന്ത്യ എങ്ങോട്ടാണ് പോകുന്നത്? വില കൊടുത്ത് വാങ്ങുകയാണ്. ബി.ജെ.പി അടിച്ചു കയറാൻ നോക്കുകയാണ്. അവരുടെ പ്രധാന അറ്റാക്ക് ഞങ്ങളെയാണ്. ഞങ്ങൾക്ക് 3 സ്റ്റേറ്റ്സിൽ യാതൊരു കുഴപ്പവുമില്ല. പശ്ചിമ ബംഗാളിൽ വളരെ സ്ട്രോംഗായിട്ട് ഇരുപത്തിരണ്ടു വർഷമായി ജ്യോതി ബാസു ഭരിക്കുന്നു. പോവുകയും വരികയും ചെയ്തിട്ടാണെങ്കിലും അഞ്ചുതവണ ഞങ്ങൾ വന്നു. പത്തു തവണ ത്രിപുരയിൽ ഞങ്ങളുടെ പാർട്ടി വന്നു. ബാക്കിയുള്ളിടത്ത് ഞങ്ങൾ വളരെ കുറവാണ്. അല്ലെന്ന് ഞാൻ പറയുന്നില്ല. ഫാസിസ്റ്റുകൾ വന്നാലുള്ള സ്ഥിതിയെന്താണ്? ജർമ്മനിയിൽ ഹിറ്റ്ലർ അധികാരത്തിൽ വന്നപ്പോൾ അവിടെയുള്ള ഏറ്റവും വലിയ ഒരു കവി മാർട്ടിൻ നിയോമുള്ളോ (1984 ലാണ് അദ്ദേഹം മരിച്ചത്) അദ്ദേഹം പറഞ്ഞതെന്താണ്?

" In Germany, Nazi's came
First against the Communists.
I didn't speak
Because I'm not a communist."

അദ്ദേഹം പിന്നെ പറയുന്നത് --

" Then they came
For the jews.
I didn't speak
Because I'm not a Jew."

LIBRARY ARCHIVES Kerala Legislative Assembly

മാർക്സ് ജനിച്ചത് ജൂത കുടുംബത്തിലാണ്. അപ്പോൾ മാർക്സിന്റെ പേരിൽ ജ്യൂസിനെതിരായിട്ടു വന്നു.

I didn't speak
Because I'm not a Jew"-

'ഞാൻ ജൂതനല്ലാത്തതുകൊണ്ട് ആ കശാപ്പിനെപ്പറ്റി മിണ്ടിയില്ല. പിന്നെയെന്താണ് പറയുന്നത്?--

"Then they came
For trade unions;
I didn't speak
Because I'm not
A trade Unionist."

ട്രേഡ് യൂണിയനെ തകർത്തു. അദ്ദേഹം പറയുന്നു - ' ട്രേഡ് യൂണിയനിസ്റ്റല്ലാത്തുതകൊണ്ട് ഞാനൊന്നും മിണ്ടിയില്ല." ഫാസിസ്റ്റുകാരന്റെ കശാപ്പു നടന്നു പിന്നെ അദ്ദേഹം പറയുന്നു:

" Then they came
For Catholics,
And I was a Protestant,
So I didn't speak."—
"ഞാനൊരു പ്രോട്ടസ്റ്റന്റാണ്, കത്തോലിക്കനെ കൊന്നോട്ടെ."
Then they came for me
And by that time
There was no one left
To speak any more for me"

ഇതാണ് നിങ്ങൾക്കു സംഭവിക്കാൻ പോകുന്നത്; മനസ്സിലായോ?

ശ്രീ. കെ.എം. മാണി കത്തോലിക്കനാണ് സൂക്ഷിച്ചോളണം.

<u>ശ്രീ. കെ.എം. മാണി</u> : ഈ കവിതയുടെ സാരം മാർക്സിസ്റ്റു പാർട്ടിയെ ഞങ്ങൾ സഹായിക്കണമെന്നുള്ളതാണോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അതൊന്നും ഞാൻ പറയില്ല. എന്റെ കൂടെ പതിനെട്ടുമാസം മന്ത്രിയായിരുന്ന ആളല്ലേ ശ്രീ.മാണി. എന്റെ ഗവൺമെന്റിന്റെ ധനകാര്യ മന്ത്രിയായിരുന്നപ്പോൾ എന്തുചെയ്തുവെന്ന് എനിക്കറിയാമല്ലോ. അവസാനം കാലുവാരുമെന്ന് അറിയാം. ശ്രീ. ആര്യാടൻ മന്ത്രിയായിരുന്നില്ലേ? അപ്പോൾ നിയോമോളോ പറയാൻ കാരണമെന്താണ്?

Then they came for me and by that time there was no one left to speak any more for me.

ഒരാളെപ്പറ്റിയും മിണ്ടാൻ പാടില്ല. കശാപ്പ് നടത്തി. ആര്? ഹിറ്റ്ലർ.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഇന്ത്യയിൽ നടക്കരുത്. ഈ ചരിത്രാനുഭവം ഇന്ത്യയിലുണ്ടാകാൻ പാടില്ല. എല്ലാ മതേതര പാർട്ടികളും ഫൈറ്റ് ചെയ്തില്ലെങ്കിൽ ഈ ബി.ജെ.പി ഇനിയും കേറും. ഇനിയും കേറാൻ പോകുകയാ. ഇപ്പോഴും അവൻ അഡ്വാൻസ് ചെയ്യാൻ പോകുകയാണ്. എക്കണോമിക്ക് ഫീൽഡിലാണ്. ഇനി യിപ്പോൾ അടുത്ത് വരാൻപോകുന്ന ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ് ഒരു 'ഹെവി ബഡ്ജറ്റ്' എന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. വളരെ സൂക്ഷിക്കണം നമ്മൾ. അതുപോലെ ഒരു ലക്ഷം കപ്പൽ തൊഴിലാളികൾ പണിമുടക്കി ഒരാഴ്ചക്കാലം. ഇലക്ട്രിസിറ്റി ജീവനക്കാർ പണിമുടക്കി ആ തര ത്തിൽ നമ്മൾ സൂക്ഷിക്കണം. വരാൻ പോകുന്ന ഇന്ത്യ വളരെ സൗഹാർദ്ദപര മായ ഇന്ത്യയല്ല It is a dangerous India. It is a communalism. ഇവിടത്തെ മൈനോറിറ്റിയെ തകർക്കും, നമ്മൾ മനസ്സിലാക്കണം. ഇപ്പോൾ കൺവെർഷ നെതിരായിട്ടും കൂടി ടാക്സ് വന്നാൽ നമ്മുടെ ഭരണഘടനയെ ലംഘിച്ചിട്ടല്ലേ വരാൻ പോകുന്നത്? മനസ്സിലാക്കണ്ടേ? അപ്പോൾ ആർ.എസ്.എസ്. ൽ ചേരുക എന്നുപറഞ്ഞാൽ ഞാൻ ടി.വിയിൽ റാലി കണ്ടു, ഗുജറാത്തിൽ ലക്ഷ ക്കണക്കിന് ആർ.എസ്.എസ് കാർ റാലിയും പ്രകടനവുമാണ് വയ്ക്കുന്നത്. ഗുജറാത്തിൽ മുഖ്യമന്ത്രിതന്നെ കാക്കിയുമിട്ട് കുത്തിയിരിക്കുകയാണ്. പിന്നെ ആ രാജ്യത്തിന്റെ സ്ഥിതി എന്താണെന്ന് ആലോചിച്ചുനോക്കൂ. അവിടത്തെ മുസ്ലീമിനും ക്രിസ്ത്യാനിയുമൊക്കെ ഗതി എന്താണെന്ന് ഒന്നാലോചിച്ചുനോ ക്കൂ. അവിടെ 1200 പള്ളി തകർത്തിട്ടുണ്ട്. ഗുജറാത്തിൽ അവരുടെ ഒരു റിപ്പോർട്ടു വന്നതിൽ. ഗാന്ധിയെ കൊന്നതുമാത്രമല്ല. ഈ തരത്തിൽ വരാൻ പോകുന്ന ഒരു പൊളിറ്റിക്കൽ സിറ്റുവേഷനകത്താണ് നമ്മൾ കിടക്കുന്നത്. ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട ആന്റണി മിക്സഡ് എക്കോണമിയെക്കുറിച്ച് പറഞ്ഞു. നമ്മളും ഇപ്പോളും മിക്സഡ് ഇക്കോണമിതന്നെയാണ്. നമ്മൾക്ക് പഴയ കാലത്ത് പറ്റിയ ചില പിശകുകൾ നമ്മൾ തിരുത്തിയിട്ടില്ല എന്നു ഞാൻ പറയുന്നില്ല. നിങ്ങൾക്ക് ഇപ്പോൾ തിരുത്തിയിട്ടില്ല എന്നുപറയാൻ നാണക്കേടു ണ്ടാകും. നമ്മൾ Self Critical ആണ്. പിശകു പറ്റിയിട്ടുണ്ടെങ്കിൽ ഞങ്ങൾ തിരു ത്തും, നിങ്ങൾ തിരുത്തുല്ല. ആ മിക്സഡ് എക്കോണമി കുത്തകക്കാരുടെ കീഴിൽ നമ്മുടെ രാജ്യത്തെ അടിയറവയ്ക്കുന്ന സ്ഥിതിയാണ്. ഇപ്പോൾ 118 ടെക്സ്റ്റയിൽ ഫാക്ടറി ക്ലോസ്ഡാണ്. ഈ 1991 നു ശേഷം ഇന്ത്യാ രാജ്യത്ത് 118 ടെക്സ്റ്റയിൽ ഫാക്ടറി ക്ലോസ്ഡാണ് 20 ലക്ഷം ആളുകൾ പുറത്താണ്, ഈ അൺ എംപ്ലോയ്മെന്റ് ഇതിൽപ്പെടുമോ? അപ്പോൾ ഞാൻ പറയുന്നത് ഈ എക്കോണമി എന്നു പറഞ്ഞാൽ, തൊഴിലില്ലായ്മ വർധിപ്പിക്കുക, രൂക്ഷ മാക്കുക, ഫാക്ടറി ക്ലോസ് ചെയ്യിപ്പിക്കുക ഇതൊക്കെ കുത്തകക്കാരാ. 56,000 കോടി ഡെഫിസിറ്റാണ് ഇന്ത്യാ ഗവൺമെന്റിന്., ഇവിടത്തെ ഡെഫിസി റ്റിന്റെ കണക്ക് പറഞ്ഞല്ലോ. സെൻട്രലിൽ എന്താ 56,000 കോടിയാണ് ഡെഫി സിറ്റ്. നമ്മുടെ സാമ്പത്തികം എവിടത്തേയ്ക്കാ പോകാൻ പോകുന്നത്? തകർന്ന് തരിപ്പണമാകാൻ പോകുകയാണ്. ഞാൻ കെ.എം.എം.എൽ ന്റെ കാര്യം പറയുകയാണ് ചുരുങ്ങിയ വിലക്ക് ഉല്പന്നങ്ങൾ ഇറക്കിയാൽ പിന്നെ നമ്മൾ ഇവിടെയുണ്ടോ? റബ്ബർ ചുരുങ്ങിയ വിലക്ക് ഇറക്കിയാൽ പിന്നെ നമ്മൾ ഇവിടെയുണ്ടാകുമോ? 1200 ഓളം കാർഷിക ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യാനല്ലേ സമ്മതിച്ചിരിക്കുന്നത്? നമ്മുടെ കാർഷിക മേഖല ഇപ്പോൾ എവി ടുത്തേയ്ക്കാ പോകാൻ പോകുന്നത്? ഈ ഇക്കണോമിക് പോസിഷൻ മനസ്സി ലാക്കിയിട്ട് നമ്മൾ ഫൈറ്റ് ചെയ്യണം. അല്ലാതെ നമ്മൾ തമ്മിൽ മാത്രം യുദ്ധം ചെയ്തതുകൊണ്ട് ഇത് നടക്കില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത് ആൾ ഇന്ത്യാ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ, അതേപോലെതന്നെ ഇക്കോണമിയുടെ

LIBRARY ARCHIVES Kerala Legislative Assembly

വെളിച്ചത്തിൽ, കേരളം എങ്ങനെ പോകണമെന്നു തീരുമാനിക്കണം. അല്ലാതെ കേരളം എങ്ങനെ സ്വതന്ത്രമായിട്ടു പോകും? അങ്ങനെയെങ്കിൽ നമുക്ക് വിട്ടു തന്നാൽമതി, നമ്മൾ പൊയ്ക്കൊള്ളും അങ്ങനെ കിട്ടുല്ലല്ലോ. ഇന്ത്യൻ ചട്ടക്കൂടിന്റെ അകത്താണ് സംസ്ഥാനം, ഉദാഹരണമായി 16,000 കോടി രൂപ ഒൻപതാം പദ്ധതിക്ക് ഞങ്ങൾ വച്ചു, ഇന്ത്യാ ഗവൺമെന്റ് 500 കോടി കട്ട് ചെയ്തു. 831 കോടി മാത്രമല്ല പത്താം ധനകാര്യകമ്മീഷൻ വെയ്ക്കേണ്ട 29% കട്ട് ചെയ്തു. ഇത് ശ്രീ. മാണിക്ക് അറിയാമല്ലോ. ഇവിടത്തെ പണം എവിടെയാ. സെൻട്രലിന്റെ ചട്ടക്കൂടിനകത്തല്ലേ നമ്മൾ കിടക്കുന്നത്? ഇപ്പോൾ ഇന്ത്യയെ സൗത്ത് കൊറിയയും, തായ്വാനുമൊക്കെ ആക്കാനാ അമേരിക്ക പോകുന്നത്. ഇപ്പോൾ ശ്രീ. ക്ലിന്റൻ വരുന്നുണ്ട്. ശ്രീ. ക്ലിന്റന് പാകിസ്ഥാനെയും കാണണം. ഇന്ത്യയേയും കാണണം, രണ്ടിനെയും നമ്മുടെ കൈയിലൊതുക്കണം കാഷ്മീരിന്റെ ഇഷ്യൂവിൽ ഇന്ത്യയെ ഒതുക്കണം. ഇതാണ് ക്ലിന്റന് വേണ്ടത്. ഞാൻ ചോദിക്കുന്നു ഇപ്പോൾ ആർ.എസ്.എസ്സിന്റെ hidden അജണ്ടയല്ലേ നടപ്പാക്കുന്നത്? ബാബ്റി മസ്ജിദ് തകർത്തിട്ട് അവിടെ ക്ഷേത്രം സ്ഥാപിക്കുമെന്ന് ഇപ്പോൾ ഉറപ്പിച്ചു പറഞ്ഞിരിക്കുകയാണ് യു.പി. ഗവൺമെന്റ്. അതിനെ പൊളിച്ചിട്ടിരിക്കുകയാണ്. അത് hidden അജണ്ടയാണ്. "ക്ഷേത്രം ഞങ്ങൾ പണിയും", 370-ാം വകുപ്പ് നീക്കും. അത് ശ്രീ. അദ്വാനിയും പറഞ്ഞിരിക്കുകയാണ്. "We are going to lift it – Art 370 of the constitution". എന്താ കാരണം? ആ സ്റ്റേറ്റ് ഗവൺമെന്റിനു കൊടുത്ത് സ്വതന്ത്രമായിട്ട് പ്രവർത്തിക്കാനുള്ള ആനുകൂല്യങ്ങൾ ലിഫ്റ്റ് ചെയ്യാൻ പോകുകയാണ്. മൂന്നാമത് ഏകീകൃത വിവാഹ ബില്ലും അവർ കൊണ്ടുവരാൻ പോകുകയാണ്. ഈ മൂന്ന് ഹിഡൻ അജണ്ടയാണ് ആർ.എസ്.എസിന്റേത്. എഡ്യൂക്കേഷന്റേത് യു.പി.യിൽ വന്നുകഴിഞ്ഞു. പത്ത് കുട്ടികൾക്ക് രണ്ടു ചർച്ച് പൊളിക്കാൻ കഴിയും, എന്നാൽ 100 കുട്ടികൾക്ക് എത്ര ചർച്ച് പൊളിക്കാം എന്നുള്ളത് അവരുടെ സിലബസിൽ ക്വസ്റ്റ്യനാണ്. ഇത് പഠിച്ചിട്ടാണ് അമ്മയുടെയും അച്ഛന്റെയും അടുത്ത് വൈകുന്നേരം പോകുന്ന കുട്ടികൾ അമ്മേ പള്ളി പൊളിക്കണം നമ്മൾക്ക് എന്നു പറയുന്നത് "നമുക്ക് കുട്ടികളെ സംഘടിപ്പിക്കണം" എന്നാണ് പറയുന്നത്. യു.പി. യിലെ സിലബസാണിത്. അതുപോലെ 10 കുട്ടിക്ക് രണ്ട് മുസ്ലീം പള്ളി പൊളിക്കാമെങ്കിൽ 100 കുട്ടികൾക്ക് എത്ര പൊളിക്കാം? ഇതാണ് സിലബസ്. കണക്ക് പഠിപ്പിക്കുകയാ! നിങ്ങളും ഞാനും പറയുന്നിടത്തല്ല അവർ വളരെ സ്വിഫ്റ്റായിട്ട് മൂവ് ചെയ്യുകയാണ്. ബി.ജെ.പിയും ആർ.എസ്.എസ്സും. ഈ ഒരു പൊസിഷനിലാണ് നമ്മൾ ഉള്ളത്. ഇപ്പോൾ ആദ്യം ശ്രീ. ആന്റണി കുറേ അനുകൂലമായ സമീപനമാണ് പറഞ്ഞത്. പിന്നീടാണ് തെറ്റിയത്. നമ്മളും ശ്രീ. ആന്റണിയും തെറ്റിയത്. ആദ്യത്തെ നാഷണൽ പോളിസിയിൽ ചെയിഞ്ചിംഗ് ഒട്ടൊക്കെ സെൽഫ് ക്രിറ്റിക്കലായിട്ട് കുറേ എടുത്തിട്ടുണ്ട്. പക്ഷേ അത് എത്ര കണ്ട് പ്രോഗ്രസീവാകുമെന്നുള്ളത് എനിക്ക് സംശയമുണ്ട്. കാരണം, കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയിൽ തന്നെ വളരെ ഫൈറ്റ് ആണ്. ശ്രീ. ആന്റണി നന്നായതുകൊണ്ടു മാത്രം ഇവിടെ കോൺഗ്രസ് പൂർത്തിയാകില്ല. അവിടെ വലിയ ഫൈറ്റ് നടക്കും. അവിടെ ശ്രീ. ധവാൻ ഉണ്ട്, ശ്രീ. ധവാന് ജീവിതത്തിൽ ഒരുത്യാഗവുമില്ല, നമുക്കറിയാമല്ലോ. ശ്രീ. ജോർജ്ജ് കുട്ടിയും അവിടെയുണ്ട്. ഇതൊക്ക നമുക്ക് അറിയാവുന്നതാണ്. നിങ്ങൾ പറയുംപോലെ ഒന്നുമല്ല. അത് ആന്റണിക്ക് അറിയാം. ശ്രീ. ആന്റണി പറഞ്ഞതുകൊണ്ട് മാത്രം നടക്കുമെന്ന വിശ്വാസം എനിക്കില്ല. പക്ഷെ നമ്മളും ഇവിടത്തെ മറ്റു മതേതര കക്ഷികളുമെല്ലാം കൂടി യോജിച്ച് ഫൈറ്റ് ചെയ്താൽ പൊളിറ്റിക്കലായിട്ട് നമുക്ക് കുറേ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകാം. കേരളമെങ്കിലും നമുക്ക് യുണൈറ്റഡായിട്ട് കൊണ്ടുപോകാം. ബംഗാളിൽ യുണൈറ്റഡായിട്ട് നിൽക്കും. തീർച്ചയായും നമ്മുടെ നല്ല ഒരു വിഭാഗം കോൺഗ്രസ് എം.പി.മാരും തൃണമൂൽ കോൺഗ്രസ്സിൽ ചേർന്നു കഴിഞ്ഞു, ബാക്കി കുറച്ചേയുള്ളൂ. റെയിൽവേ മന്ത്രി തൃണമൂൽ കോൺഗ്രസ്സിൽ ആണല്ലോ. ഞാൻ ഇതിനിടെ പോയി ആ സ്ത്രീയെ കണ്ടു. എന്നോട് നല്ല രീതിയിലാ പെരുമാറിയത്. തൃണമൂൽ കോൺഗ്രസ് എന്നുവിചാരിച്ച പ്പോൾ ഞാൻ കുറച്ചു സംശയിക്കുകയൊക്കെ ചെയ്തിരുന്നു. ഞാൻ റെയിൽവേയുടെ മെമ്മോറാണ്ടം കൊടുത്തു. എന്നോട് മുക്കാൽ മണിക്കൂർ സംസാരിച്ചു. നല്ല രീതിയിലാണ് സംസാരിച്ചത്. "നോക്കാം, പക്ഷേ പണമില്ല എന്താ നായനാരെ വേണ്ടത്? The Government is going to cut the budget" - എന്നൊക്കെ എന്നോട് പറഞ്ഞു. നമുക്ക് ഇപ്പോൾ ഏത് മന്ത്രിയായാലെന്താ, നമുക്ക് എല്ലാ മന്ത്രിയേയും കാണണ്ടേ, എല്ലാ മന്ത്രിമാർക്കും മെമ്മോറാണ്ടം കൊടുക്കണ്ടേ? ഇനി മണ്ണെണ്ണ, പാചകവാതകം എല്ലാത്തിനും വിലവർധനവ് വരാൻ പോകുന്നു, ഇതിനെതിരെ ഫൈറ്റ് ചെയ്യണ്ടേ? പേറ്റന്റ് നിയമംഭേദഗതി ചെയ്യാൻ പോകുന്നു കോൺഗ്രസ്സിൽ ചെയ്യേണ്ടത് എന്താ? കോൺഗ്രസ്സും ശ്രീ. ആന്റണിയും ഒരു സ്റ്റേൺ ലൈൻ എടുക്കണം. രാജ്യസഭയിൽ നമ്മൾ ഇങ്ങനെ ചെയ്താൽ ലോക്സഭയിൽ ഒന്നും പാസ്സാകില്ല, ഭൂരിപക്ഷം അവർക്കില്ല. രാജ്യസഭ മാത്രമേ സേവ് ചെയ്യാൻ സാധിക്കൂ. ലോക്സഭയിൽ അവർക്ക് ഭൂരിപക്ഷമുണ്ട്. ഇപ്പോൾ അത് കോൺഗ്രസ് ചെയ്തിട്ടില്ല. അതാ നമ്മളുടെ ക്രിറ്റിസിസം, പേറ്റന്റ് ബില്ലും. ബാങ്ക് ദേശസാൽക്കരണവും ഇൻഷുറൻസ് ദേശസാൽക്കരണവും ബില്ലുകൾ, നമ്മൾ നാഷണലൈസ് ചെയ്തത് മുഴുവൻ പ്രൈവറ്റൈസേഷനിലാക്കാനാണു പോകുന്നത്. അതിനെതിരായി കോൺഗ്രസ് ഒരു സ്റ്റേൺ സ്റ്റാന്റ് എടുത്താൽ പാസ്സാകുമോ? പാസായിടത്തോളം അങ്ങനെയാണ്. കോൺഗ്രസിനെപ്പറ്റി ഞങ്ങൾക്കുള്ള വിമർശനം അതാണ്. ഞങ്ങൾ അതിനെ എതിർത്തു. നിങ്ങൾ അപ്പുറത്തുനിന്ന് സഹായിച്ചു അവർ പാസാക്കി. നല്ല രീതിയിൽ ഫൈറ്റ് ചെയണം. ഫൈറ്റ് ചെയ്തിട്ട് രാജ്യസഭയിൽ പാസാക്കാതാക്കണം. അങ്ങനെയാണെങ്കിൽ നമുക്ക് ഇത് നീട്ടിക്കൊണ്ടുപോകാം. അല്ലാതെ കോൺഗ്രസ് മാറ്റി എടുക്കുകയാണെങ്കിൽ നിവൃത്തിയില്ല. ശ്രീ. അർജ്ജുൻ സിംഗും മറ്റ് സെറ്റുമൊക്കെ അവിടെയുണ്ട്. നമ്മൾ സൂക്ഷിക്കണം. ആ നിലയ്ക്ക് വരാൻ പോകുന്ന പോസിഷൻ എന്താന്നുവച്ചാൽ പ്രൈവറ്റേസേഷൻ ഓഫ് നാഷണലൈസ്ഡ് സ്ഥാപനങ്ങൾ മുഴുവൻ അവർക്ക പ്രൈവറ്റേസേഷൻ കൊടുക്കണം. അപ്പോൾ അമേരിക്കൻ, ഫോറിൻ ഇമ്പീരിയലിസത്തിന് ഇവിടെ കൂടുതൽവന്ന് നുഴഞ്ഞുകയറാനും നമ്മളെ തിന്നാനും സാധിക്കും അത് സെൻട്രലിന്റെ നിയമമാണ്. നമ്മൾ വിചാരിച്ചാൽ മാത്രം അത് നിർത്താൻ കഴിയില്ല. ആ നിലയിൽ ഇന്ത്യയെ സറണ്ടർ ചെയ്യിക്കും. അതുകൊണ്ട് നമ്മൾ തയ്യാറാകണം. നമ്മുടെ ആദ്യത്തെ അവകാശവും അഭ്യർത്ഥനയും അതാണ്. മറ്റൊന്ന്, ഇവിടെ കമ്മ്യൂണലിസം എന്തുകൊണ്ട് നമുക്ക് നിർത്താൻ കഴിഞ്ഞു. ബംഗാളിലും നടന്നിട്ടില്ല. ഇപ്പോൾ ഉണ്ടോ എന്നറിയില്ല. കേരളത്തിൽ, ഇവിടത്തെ രണ്ട് മൈനോറിറ്റിയും ഉണ്ട്. ലെഫ്റ്റ് ഫോഴ്സും മറ്റ് സെക്കുലാർ ഫോഴ്സും ഉള്ളതുകൊണ്ടാണ് നമുക്ക് നിർത്താൻ കഴിഞ്ഞത്. അല്ലെങ്കിൽ ഇന്ത്യയിൽ കമ്മ്യൂണലിസം എത്ര ഉണ്ടായി? ബോംബെയിൽ മൂവായിരം ആളുകളെ കശാപ്പുചെയ്തില്ലേ? മൂവായിരത്തോളം ആളുകളെ ഡൽഹിയിൽ കശാപ്പു ചെയ്തില്ലേ? ശ്രീ. കൃഷ്ണ കമ്മീഷൻ റിപ്പോർട്ട് ബോംബെയിൽ കിടക്കുന്നില്ലേ? അപ്പോൾ നാം മനസ്സിലാക്കേണ്ടത് എന്താണ്? മംഗലാപുരത്ത് പട്ടാളം വന്നിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

കോയമ്പത്തൂരിൽ അൻപത് ആളുകളെ കശാപ്പു ചെയ്തില്ലേ? നമ്മൾ അതിർത്തിയിൽ പോലീസിന്റെ barricade സൃഷ്ടിച്ചതുകൊണ്ട് ഇങ്ങോട്ട് കടന്നില്ല. എന്നാൽ ഈ ടെററിസ്റ്റ് ഗ്രൂപ്പ് ഇവിടെ മുസ്ലീമിന്റെ ഇടയിലുണ്ട്. ആർ.എസ്.എസ്സിലും ഉണ്ട്, അതു നമ്മൾ മനസ്സിലാക്കണം. ഞാൻ ഇതിന്റെ ഡീറ്റെയിൽസിലേക്ക് ഒന്നും പോകുന്നില്ല. ഉണ്ടെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. നാഷണൽ ഡെമോക്രാറ്റിക് ഫ്രണ്ട് അതുമുണ്ട്. ഇവിടെ അവർ കുറേയാളുകളെ പിടിച്ച് കശാപ്പുചെയ്തു. ആ കൊലപാതകക്കേസിലെ ആളുകളിൽ കുറേപ്പേർ ലോക്കപ്പിൽ കിടപ്പുണ്ട്. അപ്പോൾ അതും ഇവിടെയുണ്ട്. അപ്പോൾ നമ്മൾ എനാക്റ്റ് ചെയ്താൽ കമ്മ്യൂണലിസം ഇല്ലാതെയാക്കികാണിച്ചുകൊടുക്കാൻ ഇന്ത്യാരാജ്യത്ത് സാധിക്കും. ഇപ്പോൾ മൂന്നരകൊല്ലം നാലു കൊല്ലമായിട്ട് കമ്മ്യൂണൽ റയട്ട്സ് ഇവിടെയില്ല. ഇന്ത്യയിൽ പല സ്ഥലത്തുമുണ്ട്. അതുണ്ടാക്കാൻ ആർ.എസ്.എസ്. കോൺഷ്യസായി വർക്കു ചെയ്യുന്നുണ്ട്. ഇവിടെയും ആർ.എസ്.എസ്. വർക്കുചെയ്യുന്നുണ്ട്. അവർ പത്തനംതിട്ടയിൽ കോൺഫറൻസ് ചേർന്നിട്ട് കണ്ണൂരിലേക്ക് ആളെ അയയ്ക്കാനൊക്കെ തീരുമാനിച്ചിട്ടുണ്ട്. നമ്പരൊന്നും ഞാൻ പറയുന്നില്ല. അതിന് അവർക്ക് പണമുണ്ട്. അവർക്ക് യാതൊരു ബുദ്ധിമുട്ടും പണത്തിന്റെ കാര്യത്തിലില്ല, നമ്മളതു മനസ്സിലാക്കണം. നമ്മൾ തമ്മിൽ തല്ലിയാൽ നമ്മൾ തമ്മിൽ തല്ലിച്ചാകുമെന്നല്ലാതെ മറ്റൊന്നുമില്ല. ആർ.എസ്.എസ്സിന്റെ ആൾ ഇന്ത്യാ സ്റ്റേറ്റ്സ് സെക്രട്ടറി നിങ്ങൾ പത്രത്തിൽ കാണുന്ന ആളല്ല. അദ്ദേഹത്തെ എനിക്കറിയാം, എന്നെ കാണാൻ വന്നിട്ടുണ്ട്. എനിക്കെല്ലാപേരുമായിട്ട് കാണാതിരിക്കാൻ പറ്റുമോ, എനിക്ക് ബി.ജെ.പി. യെ കാണണം. എനിക്ക് ആർ.എസ്.എസ്സിനെയും നാഷണൽ ഡെമോക്രാറ്റിക് ഫ്രണ്ടിനേയും കാണണം. കാണാതിരിക്കാൻ പറ്റുമോ? മുഖ്യമന്ത്രിയല്ലേ? പക്ഷേ ആർ.എസ്.എസ്.ന്റെ സ്റ്റേറ്റ്സ് സെക്രട്ടറി നിങ്ങൾ കാണുന്നയാളല്ല, വേറൊരു സ്റ്റേറ്റ് ഓർഗനൈസേഷൻ അവർക്കുണ്ട്. അല്ലാതെ ബി.ജെ.പി. അല്ല അതിന്റെ മുകളിൽ വർക്കു ചെയ്യുന്നത്, അതിനെ ഗൈഡ് ചെയ്യുന്നത്. അത് നമ്മൾ മനസ്സിലാക്കണം. ആ തരത്തിൽ അതൊരു ആൾ ഇന്ത്യാ ഓർഗനൈസേഷനാണ്, അതിനുള്ള നിർദ്ദേശം അവർക്കുണ്ട്, അതിനുള്ള ഫിനാൻസുമുണ്ട്. ആ തരത്തിൽ സീരിയസായിട്ട് നമ്മൾ എടുത്തില്ലെങ്കിൽ നമ്മൾ ആപത്തിൽ വീഴും, നമ്മൾ തമ്മിൽ അടിച്ചാൽ പന്നി മലകേറുന്നു എന്ന് പറഞ്ഞതുപോലെ അല്ലെങ്കിൽ ആട് തമ്മിൽ ഇടിച്ചാൽ ഉണ്ടാകുന്ന ചോര നക്കികുടിക്കുന്നുവെന്ന് പറഞ്ഞതുപോലെ അങ്ങ് പോകും. ആ നിലക്ക് നമ്മൾ വളരെ സൂക്ഷിക്കുകയും ആ സിറ്റ്യൂവേഷനെ മനസ്സിലാക്കുകയും വേണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അതിന്റെ പിന്നിൽ ആൾ ഇന്ത്യാ റിയാക്ഷണറി ഫോഴ്സസ്സും ആർ.എസ്.എസ്സും മറ്റുള്ള ഫോഴ്സസും ഉണ്ട്. പാക്കിസ്ഥാനിൽ മുസ്ലീം ടെററിസ്റ്റ് ഓർഗനൈസേഷന്റെ പിന്നിൽ ഐ.എസ്.ഐ. ഉണ്ട്. അത് നിങ്ങൾ മനസ്സിലാക്കണം, ഇന്ത്യാ ഗവൺമെന്റിന് അത് അറിയില്ലേ, ഇന്ത്യാ ഗവൺമെന്റിന് അത് അറിയാം, ഉണ്ടെന്ന്, അപ്പോൾ വളരെ സൂക്ഷിച്ചില്ലെങ്കിൽ മുസ്ലീം അതുപോലെതന്നെ ആർ.എസ്.എസ് ഹിന്ദു കമ്മ്യൂണൽ ടെററിസ്റ്റ് ഓർഗനൈസേഷൻ ഇവിടെയും വരും. ഇത് നമ്മൾ കരുതിയിട്ടില്ലെങ്കിൽ തീർച്ചയായിട്ടും നമ്മൾ തമ്മിൽ തല്ലിച്ചാകുമെന്നല്ലാതെ മറ്റവനങ്ങ് കേറുകയും ചെയ്യും. ഇവിടത്തെ മാധ്യമങ്ങളിൽ ആർ.എസ്.എസിന് എതിരായിട്ട് വല്ല ആർട്ടിക്കിളുമുണ്ടോ?വല്ല റിപ്പോർട്ടുമുണ്ടോ? വളരെ കുറവാണ്. ആർ.എസ്.എസ്സിനെ വൈറ്റ്വാഷ് ചെയ്യുക, നമ്മളെ തമ്മിലടിപ്പിക്കുക അത്രയേയുള്ളൂ. എല്ലാ മാധ്യമങ്ങളും എടുത്തുനോക്കൂ, അവർ കാശുകൊടുത്തു പിടിക്കും അല്ലെങ്കിൽ പീഡിപ്പിക്കും, അതുതന്നെ നിങ്ങൾ മനസ്സിലാ

LIBRARY ARCHIVES Kerala Legislative Assembly

ക്കണം' ഇതു വച്ചിട്ട് ഇതേപ്പറ്റി ആലോചിച്ചിട്ട് നിങ്ങൾ കടലാസ് വായിച്ചാൽ മതി. നാളെ മുതൽ അപ്പോൾ ആ തരത്തൽ ഉളവായിരിക്കുന്ന ടെററിസ്റ്റ് ഭീകര ഓർഗനൈസേഷൻ ഇവിടെ ഉണ്ട്. നമ്മൾ അത് മനസ്സിലാക്കണം, അല്ലെങ്കിൽ നമ്മുടെ കേരളവും ഡെയിൻജറിലേക്ക് വീഴും നമ്മുടെ മതേതരകക്ഷിക ളെല്ലാം പറയുന്നതുപോലെ നാലായിരമയ്യായിരം രൂപ ശമ്പളം കിട്ടുന്നതുകൊ ണ്ടൊന്നും നിൽക്കാനൊക്കുകയില്ല. കോടിക്കണക്കിന് രൂപ കൊണ്ടുവന്ന് ഇൻവെസ്റ്റ് ചെയ്യുകയാണ്. ഹിന്ദു ബിഗ് മോണോപോളിസ്റ്റ് അവരുടെ കൂടെ യല്ലേ? പിന്നെ ആരുടെ കൂടെയാ? നമ്മോട് കൂടെയാണോ? നിങ്ങളുടെ കൂടെ യാണോ? അവരിപ്പോൾ കോൺഗ്രസ് വിട്ടു. മറ്റെവിടത്തേക്കാ അത് നമ്മൾ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾക്കെതിരായിട്ടാണ് അറ്റാക്ക്, കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായിട്ടാണ്, ആദ്യം മാർക്സിസ്റ്റ്, പിന്നെ കമ്മ്യൂണിസ്റ്റ്, മെയിൻ അറ്റാക്ക് അതാണ്. ഞാൻ നേരത്തെ ഒരു കവിത വായി ച്ചതുപോലെ ഹിറ്റ്ലർ വന്നപ്പോൾ ആദ്യം അറ്റാക്ക് തുടങ്ങിയത് കമ്മ്യൂണിസ്റ്റു കാരനെയാണ്. അങ്ങനെ ക്രമേണ അവസാനം കത്തോലിക്കനെ എതിരായിട്ട് വരും, ശ്രീ.മാണി, അപ്പോൾ ആരും ഉണ്ടാകില്ല. കേട്ടോ, ഇതാണ് പോളിറ്റി ക്സ്. ഇവിടെ ശ്രീ. രാജഗോപാൽ വന്നിട്ട് സ്ഥിരമായി കാമ്പെയിൻ നടത്തുക യാണ്. അയാൾക്ക് വേറെ പണിയില്ലാത്ത മട്ടിൽ ഇവിടെയാണ് സ്ഥിരം, ഞാൻ ജഠ്മലാനിയെ കണ്ടു, ജഠ്മലാനി മതി. പിന്നെ ഇയാൾക്ക് ഒരു ജോലി വേണ്ടേ. എന്നെ രാജഗോപാൽ കണ്ടിട്ട് പറഞ്ഞു. "എടോ ഞാൻ പത്തെഴുപത്തിയൊ മ്പത് ആളുകളിൽ ഒരാളല്ലേയുള്ളൂ, നിങ്ങൾ എന്തിനാണ് എന്നെ ഇങ്ങനെ എതിർക്കുന്നത്"? ഞാൻ പറഞ്ഞു. നിന്നെ എതിർക്കും, നീ പാലക്കാട്ടുനിന്ന് പോയിട്ട് ഈ ദ്രോഹം ചെയ്യേണ്ട ആവശ്യമുണ്ടോ? ആ നിലയ്ക്ക് ഒരാൾ ഇവിടെ വന്നിട്ട് എന്താ പറയുന്നത്? കേരളം നിശ്ചലാവസ്ഥയിലാണ്, കേരളത്തിലെ എക്കണോമി തകർച്ചയിലാണെന്ന്. ഇക്കോണമിയെ സംബ ന്ധിച്ച സ്റ്റാറ്റിസ്റ്റിക്സ് എടുത്താൽ 1995-96 വരെയുള്ള കാലയളവിലെ വ്യവസായിക വളർച്ച 6.3 ശതമാനം ആയിരുന്നത് 1996-97 ൽ 6.9 ശതമാന മായും 1997-98 ൽ 7.6 ശതമാനമായും വർധിക്കുകയാണ് ഉണ്ടായത് 1998-99 ൽ 5.52 ശതമാനം. നമ്മുടെ സ്റ്റാറ്റിസ്റ്റിക്സ് ഇതാണ് ഇത് ശരിയാണോ തെറ്റാ ണോയെന്ന് എനിക്കറിയില്ല. നമ്മുടെ സ്റ്റാറ്റിസ്റ്റിക്സ് എന്നുപറയുന്നത് ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെതാണ് വർധനവാണ്, അതിലെ വർധനവാണ് ഞാൻ പറഞ്ഞത് വർധനവാണ്, ഒരു പക്ഷെ നിങ്ങൾക്ക് തെറ്റാണെന്ന് പറയാം. നമുക്ക് കിട്ടിയ സ്റ്റാറ്റിസ്റ്റിക്സ് അതാണ്. ഇതേ കാലയളവിൽ യഥാക്രമം 6.2 ശതമാനം, 5.6 ശതമാനം, 6.6 ശതമാനം 3.5 ശതമാനമായിരുന്നു അഖിലേന്ത്യ കണക്കനുസരിച്ച് നോക്കുമ്പോൾ. കഴിഞ്ഞ മൂന്നുവർഷക്കാലം കേരളം വ്യക്തമായ പുരോഗതി നേടിയതായി കാണാം. സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവിൽ നെറ്റ് ഡൊമസ്റ്റിക് പ്രോഡക്ടസിൽ അഞ്ചാം സ്ഥാനമാണ്. ബ്യൂറോ ഓഫ് ഇക്ക ണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് തയാറാക്കിയ കണക്ക് ഇപ്പോൾ നിങ്ങൾക്ക് കിട്ടും. അച്ചടിച്ചു കഴിഞ്ഞിട്ടില്ല. പൂർത്തിയാകാത്തതുകൊണ്ടാണ്. 1991 - 92 മുതൽ 1997- 98 വരെയുള്ള കാലയളവിൽ യു.പി. 19.6 ശതമാനവും കർണ്ണാട കത്തിന്റേത് 33.2 ശതമാനവും തമിഴ്നാടിന്റേത് 42.6 ശതമാനവും ആയിരുന്നു ഇപ്പോൾ കേരളത്തിന്റേത് 45 ശതമാനമാണ്. (തടസ്സം) കേൾക്ക്..... അതൊന്നും ഞാൻ പറയേണ്ട ആവശ്യമില്ല. നിങ്ങളുടെ കാലത്തുള്ളതു തന്നെയാ ഇരുന്നോട്ടെ. എങ്കിലും പുരോഗതിയുടെ കണക്കെടുത്താൽ യു.പി. യുടേത് 19.6, കർണ്ണാടകത്തിന്റേത് 33.2 തമിഴ്നാടിന്റേത് 42.6 കേരളത്തിന്റേത്

LIBRARY ARCHIVES Kerala Legislative Assembly

45 ശതമാനമായിരുന്നു. വർധന നിങ്ങളുടെ കാലത്തും ഉണ്ടായിട്ടുണ്ട്. ഒരു ഇക്കണോമിക്ക് പൊസിഷൻ ഒരു സ്ഥലത്തുമാത്രം നിൽക്കുകയല്ലല്ലോ. കേരളത്തിലെ കേന്ദ്ര പൊതുമേഖലയിലെ നിക്ഷേപം കുറഞ്ഞുപോയി. 3.71 എന്നുള്ളത് 1.4 ശതമാനമായി, 95-ലേത്, 3.71 ശതമാനം കഴിഞ്ഞ രണ്ടുകൊല്ലം മുമ്പേയുള്ളത് 1.4 ശതമാനം.

അതുപോകട്ടെ, ദേവഗൗഡയെ ഒന്നും പറയണ്ട. അതിന്റെ പിന്നിൽ കോൺഗ്രസ് സഹായിച്ചില്ലെങ്കിൽ അവർ നിൽക്കുമോ, എന്താ കോൺഗ്രസ്സിന് പറഞ്ഞുകൂടേ? എന്താ ശ്രീ.ആര്യാടന് ഒരു നാലു പ്രമേയം പാസ്സാക്കി അയച്ചുകൂടേ? ശ്രീ. ആര്യാടൻ അവിടെ മിണ്ടിയില്ല. അവിടെ താണോട്ടെയെന്നാണ്, അല്ലെങ്കിൽ മിണ്ടുകില്ലായിരുന്നോ? അപ്പോൾ അതു വേണ്ട! അതുപോലെ തന്നെ ഇവിടെ ബഹുമാനപ്പെട്ട ആന്റണി പറഞ്ഞല്ലോ, അൺ എംപ്ലോയ്മെന്റിന്റെ കണക്ക്. അതിനുമുമ്പ് ഒരു കണക്കുംകൂടിയുണ്ട്. ഒമ്പതാം പദ്ധതിയുടെ ആദ്യത്തെ മൂന്നുവർഷങ്ങളിൽ പദ്ധതിചെലവ് 9,225 കോടി രൂപയായിരുന്നു. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ചെലവ് താഴെപറയും പ്രകാരമാണ്. 1996-97 - അടങ്കൽ 2200 കോടി; ചെലവ് 2750 കോടി. 1997-98- ൽ അടങ്കൽ 2855 കോടി, ചെലവ് 2868 കോടി 1998-99-ൽ അടങ്കൽ 3100 കോടി; ചെലവു 3107 കോടി ദേശീയതലത്തിൽ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഇന്ത്യൻ ഇക്കണോമിക്ക് ക്രൈസിസ്-കുഴപ്പം-മൂർച്ഛിക്കുന്ന ഘട്ടത്തിലാണ്. വരുമാനത്തിൽ നേരിയ തോതിലുള്ള വർധനവ് എന്നു പറഞ്ഞത്. വളർച്ചാനിരക്ക് യഥാക്രമം 4.2, 4.9 ശതമാനം 5.5. ശതമാനമായിരുന്നു. വ്യാവസായിക മേഖലയിലും 7.18 ശതമാനമായിരുന്നു വളർച്ച, ഇങ്ങനെ ക്രമാനുഗതമായ വളർച്ചയാണ്. വലിയ വളർച്ച അല്ല പറയുന്നത് കഴിഞ്ഞ മൂന്നുവർഷം 56704 ചെറിയ പുതിയ വ്യവസായ സംരംഭങ്ങളുണ്ടായി. 118 ടെക്സ്റ്റയിൽ മിൽസ് പൂട്ടിയെന്നു ഞാൻ പറഞ്ഞു. ഇവിടത്തെ ടെക്സറ്റയിൽ മിൽ പൂട്ടിക്കിടക്കുകയാണ്, കുന്നത്തറ ടെക്സ്റ്റയിൽ മിൽ പൂട്ടിക്കിടക്കുകയാണ്., അവിടെ ടെക്സ്റ്റയിൽ മിൽ പൂട്ടിയതിന്റെ റിയാക്ഷൻ ഇവിടെയും ഉണ്ട്. എട്ടൊൻപത് ടെക്സ്റ്റയിൽ മിൽ ഇവിടെയും പൂട്ടിക്കിടക്കുകയാണ്.

ഇവിടെ ശ്രീ. ആന്റണി അൺഎംപ്ലോയ്മെന്റ് വർധിക്കുന്നു എന്നുപറഞ്ഞു. ഫാക്ടറികൾ പൂട്ടിയാൽ അൺഎംപ്ലോയ്മെന്റ് വർധിക്കില്ലേ? അൺ എംപ്ലോയ്മെന്റ് വർധിക്കും, ഇന്ത്യൻ പ്ലാനിംഗിന്റെ എക്കണോമിക്ക് പോളിസിയിൽ വന്നിട്ടുള്ള തകരാറാണ് ഇവിടെ അൺ എംപ്ലോയ്മെന്റ് വർധിക്കാനിടയാക്കുന്നത്. ഫസ്റ്റ് പ്ളാനിൽ എഴുപത്തയ്യായിരം പേരാണ് അൺ എംപ്ലോയ്ഡായിരുന്നത്. 9-ാം പ്ലാൻ പ്രകാരം 10 കോടിയാണ് അൺ എംപ്ലോയ്മെന്റ്. ഇനിവരാൻ പോകുന്ന പ്ലാൻ പ്രകാരം 11 കോടിയായി അൺ എംപ്ലോയ്മെന്റ് വർധിക്കുമെന്നാണ് കണക്ക്. ഫസ്റ്റ് പ്ലാനിൽ 75000. ഇപ്പോഴത്തേതിൽ 11 കോടി വരാൻ പോകുന്നു. കഴിഞ്ഞ കൊല്ലത്തെ 10 കോടിയാണ് ഇതെങ്ങനെയാണ് ശരിയാകുന്നത്? അതുകൊണ്ടാണ് ഈ പ്ലാൻ മാറ്റണമെന്ന് ഞങ്ങൾ പറയുന്നത്. 4-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഞങ്ങളുടെ പാലക്കാട് പാർട്ടി കോൺഗ്രസ്സ് പാസ്സാക്കിയ പ്രമേയമുണ്ട്. ഇന്ത്യയിലെ പ്ളാൻ കുത്തകക്കാരെ സഹായിക്കുന്ന പ്ളാൻ എന്നാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. ഈ പ്ളാനിന്റെ അലകും പിടിയും മാറ്റണമെന്നാണ് ഇ.എം.എസും അച്യുതമേനോനും എല്ലാവരും ചേർന്നും പാസ്സാക്കിയ യുനാനിമസ് റെസല്യൂഷനിൽ പറയുന്നത്. The plan should be changed. പ്ളാനിനെ സംബന്ധിച്ച് അവസാനം നെഹ്റു പറഞ്ഞതെന്താണ്? ഈ പ്ളാനിന്റെ ഫലമായി, ഈ പ്ളാൻ

LIBRARY ARCHIVES Kerala Legislative Assembly

വർധിച്ചതിന്റെ ഫലമായി പണക്കാരൻ കൂടുതൽ പണക്കാരനായും പാവപ്പെട്ട വൻ കൂടുതൽ പാവപ്പെട്ടവനായും മാറിയെന്നാണ് ജവഹർലാൽ നെഹ്റു പറഞ്ഞത്. ഇത് ഇന്ന് മാറ്റിയോ? ഇത് ഇന്നും മാറ്റിയിട്ടില്ല. നെഹ്റു വന്ന് ഒരു ക്രിട്ടിസിസം നടത്തി 'ഈ പ്ലാൻ ഈ രാജ്യത്തെ പണക്കാരനെ കൂടുതൽ പണക്കാരനും പാവപ്പെട്ടവനെ കൂടുതൽ പാവപ്പെട്ടവനും ആക്കുകയാണ് ചെയ്തത്' - ഇന്നും അതാണ്. അതിന്റെ റിസൽട്ടാണ് ശ്രീ. ആന്റണി പറഞ്ഞത്. ഇവിടെ തൊഴിലില്ലായ്മ കൂടി എന്ന്. തൊഴിലില്ലായ്മ കൂടി. രണ്ടര ലക്ഷം പേർക്കേ തൊഴിൽ കൊടുക്കാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുള്ളൂ. കേരളത്തിൽ ഒമ്പതു ഫാക്ടറികൾ പൂട്ടിയില്ലേ? 118 ഫാക്ടറികൾ ഇന്ത്യയിൽ പൂട്ടിയില്ലേ? ഇതു മാറണമെങ്കിൽ ഇന്ത്യയുടെ പ്ളാൻ സിസ്റ്റം മാറ്റണം. ഇന്ത്യാ ഗവൺമെന്റിന്റെ എക്കണോമിക്ക് പോളിസി മാറ്റണം. അതിന് ഈ ഗവൺമെന്റുമാത്രം വിചാരിച്ചാൽ പോര - ബംഗാളിൽ ടെക്സ്റ്റൈൽ ഫാക്ടറി പൂട്ടിയില്ലേ? ബംഗാളിൽ ജൂട്ട് ഫാക്ടറി പൂട്ടി. ഇന്ത്യാ ഗവൺമെന്റിന്റെ എക്കണോമിക് പോളിസിയിൽ മാറ്റം വരുത്താതെ ഞാനും നിങ്ങളും ലഹള കൂട്ടിയാൽ പ്രയോജനമില്ല. മാവൂർ റയോൺസ് ഫാക്ടറി പൂട്ടിയതിന് അവർ പറയുന്നതിന്റെ വാദമെന്താ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ശ്രീ. ബർദാൻ കൊല്ലത്തുവച്ച് പറഞ്ഞല്ലോ ജൂട്ട് ഫാക്ടറി പൂട്ടിയതിനെപ്പറ്റി.

<u>ശ്രീ. ഇ.കെ. നായനാർ</u> : മാവൂർ ഫാക്ടറി പൂട്ടുന്നതിനെപ്പറ്റി അവർ പറയുന്നതെന്താണ്? "ഫാക്ടറി പൂട്ടിയാൽ ഞങ്ങൾക്ക് നഷ്ടമില്ല. കാരണം പൾപ്പ് ഇറക്കുമതി ചെയ്തുകിട്ടുകയാണ്. ചീപ്പ് റേറ്റിൽ We can import the pulp പതിനായിരക്കണക്കിന് തൊഴിലാളികൾ അൺഎംപ്ലോയിഡാകും. അതല്ലേ മുതലാളി പറയുന്നത്? അതു മാറ്റിക്കണ്ടേ? പൾപ്പ് ഇറക്കുമതി ചെയ്യുന്നതിൽ ഇന്ത്യാ ഗവൺമെന്റ് എടുക്കുന്ന പോളിസി മാറിയില്ലെങ്കിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ തെരുവിലല്ലേ? മുതലാളി പറയും അയാൾക്ക് നഷ്ടമാണെന്ന്. നഷ്ടമൊന്നുമില്ല. ലാഭമാണ്. എനിക്കറിയാം. അതിന്റെ മുതലാളി ഇന്ത്യയിലെ One of the biggest monopolists ആണ്. അൺഎംപ്ലോയ്മെന്റ് കൂടിയതിന്റെ ഉത്തരവാദിത്വം ഈ സർക്കാരിന്റെ തലയിലിട്ടാൽ, ഭാഗികമായി അതിന്റെ ഉത്തരവാദിത്വമുണ്ടാകാം. പക്ഷേ അതല്ല അടിസ്ഥാനം, ഈ പോളിസി മാറ്റമാണ്. ഇംപോർട്ടിന്റെയും എക്സ്പോർട്ടിന്റെയും നയം മാറ്റാൻ തീർച്ചയായിട്ടും നമ്മൾ ശ്രമിക്കണം. കാർഷിക മേഖലയിൽ 1200 ചരക്കുകൾ ഇറക്കുമതി ചെയ്യാൻ എഗ്രിമെന്റായ ഇവിടത്തെ കൃഷിയുടെ വരാൻ പോകുന്ന സ്ഥിതി എന്താണ്? വളരെ കഷ്ടത്തിലാണ്. ഇതു പറയുമ്പോൾ നിങ്ങൾക്കു തോന്നും നമ്മൾ പ്രതിപക്ഷത്തല്ലേ കുറച്ച് കുഴപ്പത്തിലായിക്കോട്ടെ, കുറച്ച് തകർന്നോട്ടെ എന്ന് ഞങ്ങൾ മാത്രമല്ല എല്ലാം തകരും. എല്ലാവരും തകരും, എല്ലാവരും കഷ്ടത്തിലാകും. എല്ലാവരും കുഴപ്പത്തിലാകും. ഇവിടെ ഒരു തമിഴൻ മുതലാളിയുടെ തിരുവേപ്പതി മില്ല് പൂട്ടിയിട്ട് എത്ര മാസമായി, നമുക്കറിയാഞ്ഞിട്ടാണോ? മാവൂരിലെ കാര്യം ശ്രീ. ആര്യാടനും ഞാനുമൊക്കെയായിട്ട് ചർച്ച നടത്തുന്നതുകൊണ്ട് അറിയാം. ഒരു ഗവൺമെന്റിന്റെ മാത്രം കുറ്റമാണ്, ഗവൺമെന്റ് മാത്രം വിചാരിച്ചാൽ ഇതു തീർക്കാം, എന്ന ധാരണ മാറ്റണം. പോളിസിയുടെ ഭാഗമുണ്ട് അതു സമ്മതിക്കുന്നു. സമരം നിർത്തണം എന്നല്ല ഞാൻ പറയുന്നത്. സമരമൊക്കെ നടന്നോട്ടെ. സമരം സമാധാനപരമായി നടത്തിയാൽ മതി. അല്ലാതെ ശ്രീ. ആന്റണി പറഞ്ഞതുപോലെ, ഞങ്ങൾ ഇറക്കിയിട്ടേ പോകൂ എന്നുള്ളത് വേണ്ട; സമാധാനപരമായി സമരം നടത്തിയാൽ മതി. ഇറക്കിയിട്ടേ പോകൂ എന്നൊന്നും പറയണ്ട. പണ്ഡിറ്റ് ജവ

LIBRARY ARCHIVES Kerala Legislative Assembly

ഹർലാൽ നെഹ്റു ഇല്ലായിരുന്നെങ്കിൽ നിങ്ങൾ വിമോചന സമരം ജയിക്കുമാ യിരുന്നോ? ഞാൻ അന്ന് കാലിക്കട്ടിൽ പാർട്ടി സെക്രട്ടറിയായിരുന്നു. ഇ.എം. എസ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ നിങ്ങൾ ജയിലിൽ പോയിട്ടാണ് ആ മന്ത്രിസഭയെ പിരിച്ചുവിട്ടത്. അന്നത്തെ ഞങ്ങളുടെ കണക്കുകൂട്ടൽ അനുസ രിച്ച് അയ്യായിരം ആളുകൾ ജയിലിലായിരുന്നു. അയ്യായിരം ആളെ ജയിലിലാ ക്കിയാൽ ഗവൺമെന്റിന് വല്ല കുഴപ്പവുമുണ്ടോ? എന്താണു കഴപ്പം? പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഊട്ടിയിൽവച്ച് വിളിച്ചു സംസാരിച്ചപ്പോൾ നിങ്ങൾ പറ ഞ്ഞതുപോലെ സാധിക്കില്ലയെന്നുപറഞ്ഞു. എന്നാൽ നെഹ്റുവിന്റെ മകളുടെ നിർബന്ധംകൊണ്ട് മന്ത്രിസഭ പിരിച്ചുവിട്ടു. ഡോ. രാജേന്ദ്രപ്രസാദ് അതിനു എതിരായിരുന്നു. 10 കോടി രൂപ അമേരിക്ക കൊടുത്തുവെന്ന് മോയ്നിഹാൻ പുസ്തകവുമെഴുതി. വിമോചന സമരത്തിൽ കമ്മ്യൂണിസത്തെ പുറത്താ ക്കാൻവേണ്ടി പത്തുകോടി രൂപ ഇന്ദിരാഗാന്ധിക്ക് കൊടുത്തുവെന്ന് മോയ്നി ഹാന്റെ പുസ്തകത്തിലുണ്ട്. അതു ന്യായമല്ലെന്ന് ഇപ്പോൾ നിങ്ങൾ ധരിക്കു ന്നുവെങ്കിൽ നല്ലത്. അതു ന്യായമാണെന്നു ധരിച്ചാൽ മോശം. ഡോ. രാജേന്ദ്ര പ്രസാദ് അടക്കം ഇതിനെ ഒപ്പോസു ചെയ്തു എന്ന് അദ്ദേഹത്തിന്റെ ആട്ടോ ബയോഗ്രാഫിയിൽ എഴുതിവച്ചിട്ടുണ്ട് I will not accept it എന്ന്. 1959 ജൂലായ് 11 -ാം തീയതി മന്നത്തു പത്മനാഭനെ അനുകൂലിച്ചു പ്രസംഗിച്ച ഒരാളുണ്ട് ഇവിടെ. ആയിക്കോട്ടെ നല്ലത് ഞങ്ങൾക്ക് എതിരില്ല. ചെരിപ്പിട്ട് ഇവിടെ കയ റാതിരുന്നാൽ മതി. അത്രേയേയുള്ളൂ. അന്ന് വിമോചന സമരം ആരാണ് നട ത്തിയത്? അന്ന് ആന്റണി ജനാധിപത്യത്തിന് എതിരല്ലേ? അല്ലെങ്കിൽ ഡോ. രാജേന്ദ്രപ്രസാദ് അതിനെ എതിർക്കുമോ? ഓപ്പണായി എതിർത്തില്ല പ്രസി ഡന്റായതുകൊണ്ട്. അത്രയേയുള്ളൂ. രാജാജി പരസ്യമായി എതിർത്തു. അദ്ദേഹം വേറേ പാർട്ടിയായിരുന്നു. അത് ശരിയല്ല ആര്യാടാ. അന്ന് എടുത്ത സമപീനം തെറ്റായിരുന്നു. ഒരു സെൽഫ് ക്രിട്ടിക്കലായി പറയണം. വിമോചന സമരം തെറ്റായിരുന്നു. വിമോചന സമരത്തിന് രാജേന്ദ്രപ്രസാദും രാജാജിയും എതിരായിരുന്നു. ശ്രീ. ആര്യാടൻ അനുകൂലമാണ് അത്രയേയുള്ളൂ. ഏറ്റവും ഒടുവിൽ ഇന്ദിരാഗാന്ധി പറഞ്ഞതും അതു ശരിയായിരുന്നില്ലെന്നാണ്. ശ്രീ. ആര്യാടന് ആ ചരിത്രമൊന്നും അറിയില്ല. എനിക്കറിയാം. അന്ന് നിങ്ങൾ വിമോചനസമരം നടത്തി. ഞങ്ങൾ അനുഭവിച്ചു. അത് സെൽഫ് ക്രിട്ടിക്കൽ ആയിട്ടെങ്കിലും ഉൾക്കൊള്ളണം.

ഇവിടെ ജീവനക്കാർക്ക് ഏർപ്പെടുത്തിയിരുന്ന ഡയസ്നോൺ റദ്ദാക്കി. സർവ്വീസിലിരിക്കെ മരിക്കുന്ന ജീവനക്കാരന്റെ രണ്ടുലക്ഷം രൂപ വരെയുള്ള ബാധ്യത എഴുതിതള്ളുന്ന പദ്ധതി ആവിഷ്ക്കരിച്ചു. അപകട മരണം സംഭവി ക്കുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ഒന്നരലക്ഷം രൂപ നൽകുന്ന പദ്ധതി നടപ്പി ലാക്കി. ചികിൽസക്ക് പലിശരഹിത വായ്പ പദ്ധതി ഉദാരമാക്കി. ഭവന നിർമ്മാണ വായ്പ ഒന്നേകാൽ ലക്ഷത്തിൽനിന്നും മൂന്നേകാൽ ലക്ഷമായി വർധിച്ചു. വിവിധ വായ്പകളുടെ തുക വർധിപ്പിച്ചു. പ്രൊമോഷൻ ആനുകൂ ല്യങ്ങൾ വർധിച്ചു. പെൻഷന് മിനിമം സർവ്വീസ് വേണമെന്ന നിബന്ധന ഒഴിവാ ക്കി. മുഴുവൻ സ്ഥിരം ജീവനക്കാർക്കും പെൻഷൻ നൽകാൻ തീരുമാനിച്ചു. ഫാമിലി പെൻഷൻകാരുടെ അവിവാഹിതകളായ പെൺമക്കൾക്ക് ജീവനാംശം അനുവദിച്ചു. അങ്ങനെ ഭരണതലത്തിൽകഴിയുന്ന പരിഷ്കാരങ്ങൾ നടപ്പാക്കി. പഞ്ചിംഗ് സിസ്റ്റം കൊണ്ടുവന്നു. അതിന് എതിർപ്പുണ്ടായിരുന്നു. ഇപ്പോൾ ഭൂരി പക്ഷം എതിർപ്പില്ല. പഞ്ചിംഗ് സിസ്റ്റം ആന്ധ്രായിലൊക്കെ നടപ്പിലാക്കിയിട്ടുണ്ട്.

സംവരണം സംബന്ധിച്ച് പിന്നോക്ക സമുദായത്തിന് ആനുകൂല്യം കിട്ട ത്തക്ക വിധത്തിലുള്ള എല്ലാ നടപടികളും സ്വീകരിക്കും. നരേന്ദ്രൻ കമ്മിഷൻ മാത്രമല്ല അതിനായി ഒരു സബ്കമ്മിറ്റിയും വച്ചിട്ടുണ്ട്. ശ്രീ. നരേന്ദ്രൻ ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

സവാൻകുട്ടി ശ്രീ. രവീന്ദ്രൻനായർ എന്നിവരാണ് സബ്കമ്മിറ്റി അംഗങ്ങൾ. ആ സബ് കമ്മിറ്റിയോട് എല്ലാ അനോമലികളും കുറവുകളും പരിഹരിക്കാനുള്ള റിപ്പോർട്ടാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇവരെ മൂന്നുപേരെയും നിങ്ങൾ അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. സംവരണ തത്വം റദ്ദാക്കണമെന്ന് എനിക്ക് അഭിപ്രായമില്ല. എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായിട്ടും ഇല്ല. സംവരണതത്വം പാലിക്കണം.

മറ്റൊരു കാര്യം ഇന്നലെ നളിനിനെറ്റോയെപ്പറ്റി പറഞ്ഞു. നെറ്റോയെ പറയാൻ ഞങ്ങൾക്ക് അവകാശമുണ്ട്. ഞങ്ങളുടെ നാട്ടുകാരനാണ്. നളിനി ഇവിടത്തുകാരിയും, നെറ്റോ അവിടെയാണ്, കണ്ണൂർകാരനാണ്. അപ്പോൾ എന്താണ് ഇന്നലെ ഇവിടെ പറഞ്ഞത്? നളിനി നെറ്റോയുടെ പരാതിയെപ്പറ്റി ഒരു എക്സ്പ്ലനേഷൻ കൊടുക്കുകയാണ്. ശ്രീമതി നളിനി നെറ്റോയുടെ പരാതി സംബന്ധിച്ച് ഇന്നലെ ഇവിടെ ചില പരാമർശങ്ങളുണ്ടായി. ആ കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണമേർപ്പെടുത്തുന്നതിനായി. ഞാൻ ചീഫ് ജസ്റ്റീസിനു എഴുതിയിരിക്കുകയാണ്. താമസിയാതെ സിറ്റിംഗ് ജഡ്ജിയെ കിട്ടുമെന്നാണ് വിശ്വസിക്കുന്നത്. എഴുതികഴിഞ്ഞു. അദ്ദേഹം ആലോചിച്ച് ഉടൻ മറുപടി തരാമെന്ന് പറഞ്ഞിരിക്കുകയാണ്. നിഷേധാത്മകമായിട്ടില്ല, പോസിറ്റീവായിരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതിലേക്ക് ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം വിട്ടുതരണമെന്ന് ഹൈക്കോടതിയോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ സംഗതിയിൽ വിശദമായ ഒരു ചർച്ച ഈ സഭയിൽ നടത്തുന്നത് ശരിയായിരിക്കുകയില്ലെങ്കിലും ചില കാര്യങ്ങൾ മാത്രം പറയാം. രണ്ടായിരം ഫെബ്രുവരി 9-ാം തീയതി ട്രാൻസ്പോർട്ട് വകുപ്പു സെക്രട്ടറി ശ്രീമതി നളിനി നെറ്റോ എന്നെ വന്നുകണ്ടു. (അന്ന് മൂന്നു ദിവസം എന്തോ ഭാഗ്യത്തിന് ഞാൻ ഇവിടെ ഉണ്ടായിരുന്നില്ല. ഞാൻ കാഞ്ഞങ്ങാട്ടും കണ്ണൂരും തലശ്ശേരിയിലുമൊക്കെയായിരുന്നു. അത് ഭാഗ്യത്തിന് പറ്റിപ്പോയതാണ്. ഇവിടെയാണെങ്കിൽ പിന്നെ നമ്മുടെ ചുമലിലും വരും. 9-ാം തീയതി രാവിലെയാണ് ഞാൻ എത്തിയത്. 9-ാം തീയതി രാവിലെ ട്രാൻസ്പോർട്ട് വകുപ്പ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോ ഈ കാര്യം എന്റെ സഹധർമ്മിണിയോടും പറഞ്ഞിരുന്നു. അവർ തമ്മിൽ അറിയാം, പരിചയമുള്ളവരാണ്. നെറ്റോ എന്റെ സഹധർമ്മിണിയുടെ ശിഷ്യനാണ്. അദ്ദേഹം പഠിച്ചിരുന്നത് കണ്ണൂരിലാണ്. എന്റെ സഹധർമ്മിണിയോടും പറഞ്ഞിരിക്കുന്നു ഞാൻ വരും കാണുമെന്നൊക്കെ) അപ്പോൾ അന്നത്തെ വനം ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഡോ. നീലലോഹിതദാസൻ നാടാർക്കെതിരെ ഒരു പരാതി നൽകുകയുണ്ടായി. കഴിഞ്ഞ ഡിസംബർ 21- ന് ഉച്ചക്ക് 1.30 മണിയോടുകൂടി നിയമസഭാ കോംപ്ലക്സിലെ മന്ത്രിയുടെ മുറിയിൽ തന്നെ വിളിച്ചുവെന്നും അവിടെവച്ച് മന്ത്രി താന്നോട് അപമര്യാദയായി പെരുമാറിയെന്നും ആരോപിച്ചുകൊണ്ടും തനിക്ക് വ്യത്യസ്തമായ ഒരു തൊഴിൽ സാഹചര്യം നൽകണമെന്നും വനിതാ ഓഫീസർമാരുടെ മാന്യത സംരക്ഷിക്കാനാവശ്യമായ നടപടിയെടുക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടുമുള്ളതായിരുന്നു പരാതി. ഫെബ്രുവരി 1-ാം തീയതി വച്ചുള്ള പരാതിയാണ് ശ്രീമതി നളിനി നെറ്റോ ഫെബ്രുവരി 9-ന് എനിക്ക് നൽകിയത്. അന്നുതന്നെ ഞാൻ അത് നീലലോഹിതദാസൻനാടാർക്ക് നൽകി. ഫെബ്രുവരി പത്താം തീയതി നീലലോഹിതദാസൻ നാടാർ, തന്നെ കുറിച്ച് ശ്രീമതി നളിനി നെറ്റോ ഉന്നയിച്ച ആക്ഷേപങ്ങൾ ശരിയല്ലെന്നും താൻ ഒരിക്കലും അവരോട് അപമര്യാദയായി പെരുമാറിയിട്ടില്ലെന്നും കാണിച്ച് മറുപടി നൽകുകയും ചെയ്തു. അന്നുതന്നെ ഈ കാര്യത്തിൽ ഐ.എ.എസ്. ഓഫീസർമാരുടെ അസോസിയേഷനും എന്നെ വന്നു

LIBRARY ARCHIVES Kerala Legislative Assembly

കണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരു കത്തും നൽകുകയുണ്ടായി. തന്നെക്കുറിച്ചുണ്ടായിട്ടുള്ള വിവാദങ്ങളുടെ സാഹചര്യത്തിൽ നീലലോഹിതദാസൻ നാടാർ മന്ത്രിസഭയിൽ നിന്നുള്ള തന്റെ രാജിക്കത്ത് അവരുടെ പാർട്ടി ചർച്ച ചെയ്ത് ഫെബ്രുവരി 12-ന് എത്തിച്ചു. (യു.ഡി.എഫ്. പോലും ഇത് ചർച്ച ചെയ്ത് തീരുമാനമെടുക്കാതെ വിട്ടു. എന്താണ് വിട്ടതെന്നൊന്നും ഞങ്ങൾക്കറിയില്ല. ചിലതുണ്ട് വിചാരിക്കാം. വിട്ടെങ്കിൽ നന്നായി.) ശ്രീമതി നളിനി നെറ്റോയുടെ പരാതിയുടെയും നീലലോഹിതദാസൻ നാടാരുടെ മറുപടിയുടേയും അടിസ്ഥാനത്തിൽ സത്യം വെളിച്ചത്തുകൊണ്ടുവരുന്നതിനാണ് ഫെബ്രുവരി 16-ാം തീയതി കൂടിയ മന്ത്രിസഭായോഗം ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചത്. ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം വിട്ടുതരണമെന്ന് ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ജഡ്ജിയുടെ സേവനം ലഭിക്കുന്ന മുറയ്ക്ക് വേഗത്തിൽ അന്വേഷണം പൂർത്തിയാക്കാൻ നടപടികൾ കൈക്കൊള്ളും. അന്വേഷണം എൻക്വയറിസ് കമ്മീഷൻ ആക്ടനുസരിച്ചായിരിക്കും. അന്വേഷണത്തിന്റെ ടേംസ് ഓഫ് റെഫറൻസ് താഴെപ്പറയുന്നവയാണ്;

1. The circumstances leading to the written complaint submitted to the Chief Minister on 9.2.2000 by Smt. Nalini Netto, IAS making allegations against Dr.A Neelalohithandasan Nadar, then Minister for transport, Forests and Devaswoms.
2. Correctness or otherwise of the allegations in the said complaint.
3. The Correctness or otherwise of the allegations contained in the reply dated 10.2.2000 submitted by Dr. A. Neelalohitadasan Nadar.
4. Such other matters as are ancillary and incidental thereto,

ഇത്രയുമാണ് ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞിട്ടുള്ളത്. ശ്രീമതി നളിനിയുടെ പരാതിയിൽ നിയമാനുസൃതം നടപടികൾ സ്വീകരിക്കാൻ ചീഫ് സെക്രട്ടറിക്ക് കൈമാറുകയും കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കാൻ പ്രസ്തുത പരാതി ചീഫ് സെക്രട്ടറി ഡി.ജി.പി. ക്ക് അയച്ച് കൊടുക്കുകയും ചെയ്തതനുസരിച്ച് തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാ നിയമം 354-ാം വകുപ്പുപ്രകാരം ക്രൈം 47/2000-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. പഞ്ചാബിലും ഒറീസയിലും നടന്ന ഏതാണ്ട് സമാനമായ സംഭവങ്ങളിൽ അവിടങ്ങളിലെ സർക്കാരുകളല്ല മുൻകൈയെടുത്തത് കോടതികളാണ് നീതി നൽകിയത്. ഇവിടെ ഗവൺമെന്റ് തന്നെ ഒട്ടും വൈകാതെ നീതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുകയുണ്ടായി. ഇതിലേറെ വിശദമായി പ്രശ്നത്തെക്കുറിച്ച് എന്തെങ്കിലും പറയുകയോ ചർച്ച ചെയ്യുകയോ ചെയ്യുന്നത് നമ്മുടെ അന്വേഷണത്തെ ബാധിക്കാനും നീതി നടപ്പിലാക്കുന്നതിന് ദോഷം വരുത്താനും ഇടയാക്കുന്നതുകൊണ്ട് ഞാൻ ഈ പ്രശ്നം ഇവിടെ ചുരുക്കുകയാണ്. ഇത്രയുമാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

ഇവിടത്തെ മെമ്പർമാർ വലിയൊരു ചർച്ച നടത്തിയത് നിയമസമാധാനത്തെപ്പറ്റിയാണ്. നിയമസമാധാനം നൂറുശതമാനവും ശരിയാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നില്ല. എങ്കിലും നമുക്ക് ചില കണക്കുകളുണ്ട്. വർഗ്ഗീയ കലാപങ്ങൾ യു.ഡി.എഫ്- ന്റെ കാലത്ത് 1991 ജൂൺ 24 മുതൽ 1995 ഫെബ്രുവരി 28 വരെ എൽ.ഡി.എഫ് 1996 ജൂൺ 20 മുതൽ ജനുവരി 2000 -31 വരെ: വർഗ്ഗീയ സംഘട്ടനങ്ങൾ യു.ഡി.എഫ്. കാലത്ത് 1162 എൽ.ഡി.എഫ്. കാലത്ത് 60. വർഗ്ഗീയ കലാപങ്ങളിൽ മരണമടഞ്ഞവർ യു.ഡി.എഫ്. കാലത്ത് 33, എൽ.ഡി.എഫ്. കാലത്ത് ഒന്നുമില്ല. പരിക്കുപറ്റിയവർ 474, എൽ.ഡി.എഫ്. ൽ ഇല്ല. യു.ഡി.എഫ്. കാലത്ത് വർഗ്ഗീയ കലാപങ്ങൾ - 5 വർഷംകൊണ്ട് മരണമടഞ്ഞവർ 40, എൽ.ഡി.എഫ്. കാലത്ത് ഇല്ല. പരിക്കുപറ്റിയവർ 642, സ്വത്ത് വകകൾക്ക് നാശനഷ്ടമുണ്ടായത് 4,16,38,200 രൂപ രാഷ്ട്രീയ സംഘട്ടനങ്ങൾ ഏകദേശം അടുത്തടുത്താണ് യു.ഡി.എഫ്. ഭരണകാലത്ത് 3277, എൽ.ഡി.എഫ്. -ന്റെ കാലത്ത് 3417.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞങ്ങളുടെ 5 വർഷത്തെ കണക്കാണ്., നിങ്ങളുടേത് മൂന്നുവർഷത്തെ കണക്കാണ്.

<u>ശ്രീ. ഇ.കെ. നായനാർ</u> : സർ, ഇത് നാലുവർഷത്തെ കണക്കാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ യു.ഡി.എഫ്- ന്റെ കാലത്ത് 68, എൽ.ഡി.എഫ്. ഭരണകാലത്ത് 47, പോലീസ് വെടിവയ്പ് 109. എൽ.ഡി.എഫ് കാലത്ത് 17. മരിച്ചവർ 14, എൽ.ഡി.എഫ്. കാലത്ത് മരിച്ചിട്ടില്ല. പരിക്കുപറ്റിയവർ 120, എൽ.ഡി.എഫ്. കാലത്ത് ഇല്ല. യു.ഡി.എഫ്. കാലത്ത് പോലീസ് ലാത്തിച്ചാർജ്ജ് 32, എൽ.ഡി.എഫ്. കാലത്ത് 10. അതിൽ പരിക്കേറ്റവർ 298. എൽ.ഡി.എഫ്. കാലത്ത് 211 പോലീസ് കേസ് അതിൽ പരിക്കേറ്റവർ 338 എൽ.ഡി.എഫ് കാലത്ത് 189. പോലീസ് ലോക്കപ്പ് മരണം യു.ഡി.എഫ്. കാലത്ത് 4, എൽ.ഡി.എഫ്. കാലത്ത് ഇല്ല. 5 വർഷത്തെ യു.ഡി.എഫ്. ഭരണത്തിൽ പോലീസ് ലോക്കപ്പിൽ മരിച്ചവർ 18, ഈ കണക്ക് നിങ്ങൾ സ്വീകരിക്കണം. ഇത് സർക്കാരിന്റെ കണക്കാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ,

<u>ശ്രീ. ഇ.കെ. നായനാർ</u> : ബഹുമാനപ്പെട്ട ആന്റണി പ്രസംഗിച്ചപ്പോൾ ഞാൻ എണിറ്റിട്ടേയില്ല. ഞാൻ ഒരക്ഷരവും പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ആര്യാടന് എന്താണ് ഇത്ര നിർബന്ധം? കക്കുന്നവനേ പേടിയുള്ളു. എന്നാൽ പിന്നെ മിണ്ടാതിരിക്കണം. ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് പറഞ്ഞാൽ മതി.

ഇനി രണ്ടാമത്തെ ഈ പ്രശ്നം ബഹുമാനപ്പെട്ട ടി.എം. ജേക്കബ് ഉൾപ്പെടെ ഇന്നലെ ഇവിടെ പരാമർശിച്ച ഒരു പ്രശ്നമുണ്ട്. അതിന് ഞാൻ അവസാനം മറുപടി പറയാം. ഇവിടെ നേരത്തെ ശ്രീ. ആന്റണി അഴിമതിക്കെതിരായി പറഞ്ഞല്ലോ. അത് വേണം. ഏത് കക്ഷിയായിരുന്നാലും അഴിമതിക്കെതിരായി നിൽക്കണം. പക്ഷെ അഴിമതിയായി നമ്മൾ അംഗീകരിക്കണം. അതു കോർട്ടിൽ എത്തണം, അല്ലാതെ ഇവിടെ വച്ച് പത്ത് പ്രസംഗമടിച്ച്, ഞാൻ 18 മെമ്പർക്കെതിരായി പ്രസംഗിച്ചിട്ടില്ലേയെന്ന് ഇന്നലെ ബഹുമാനപ്പെട്ട ജേക്കബ് പറഞ്ഞു. പ്രസംഗിച്ചാൽ കേസ് കൊടുത്തുകൂടെ? ഇവിടെ ലോകായുക്തയില്ലേ? അല്ലെങ്കിൽ കോടതിയിൽ കൊടുത്തുകൂടേ? അത് കൊടുക്കാതെ ഇവിടെവച്ച് പ്രസംഗിച്ച് കലക്കിയിട്ട് പോകുകയാണ്. ഇന്ന് വന്നിട്ടുമില്ല. മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും മുൻ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. ടി.എച്ച്. മുസ്തഫയും 15000 മെട്രിക് ടൺ പാം ഓയിൽ സിംഗപ്പൂരിലെ പവർ ആന്റ് എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന് കമ്പനി മുഖേന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി കമ്പോള വിലയെക്കാൾ കവിഞ്ഞ് വില നൽകി വാങ്ങിക്കുകയും സർക്കാരിന് 2.32 കോടി രൂപ നഷ്ടം വരുത്തുകയും ചെയ്തുവെന്നുള്ളതാണ് കേസ്. കേസ്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം പൂർത്തിയാക്കി 1999 നവംബർ മാസം 23-ന് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ കേസിൽ ഒന്നാം പ്രതി മുൻ മുഖ്യമന്ത്രി കെ. കരുണാകരനും രണ്ടാംപ്രതി മുൻ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. ടി. എച്ച് മുസ്തഫയുമാണ്. ഇനി ശ്രീ. പത്മരാജന്റെ കാര്യം പറയാം. ബ്രഹ്മപുരം വൈദ്യുതി നിലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തിയ ജസ്റ്റിസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ വി.സി 4/409-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. ഡീസൽ ജനറേറ്റർ സെറ്റുകൾ ഫ്രാൻസിലെ കമ്പനിയിൽനിന്നും വാങ്ങിയ വകയിൽ 71.6 കോടി രൂപയുടെ നഷ്ടം സർക്കാരിന് വരുത്തി. ജനറേറ്റർ സ്ഥാപിക്കുന്ന ജോലി ടാറ്റാ പ്രോജക്ട് ലിമിറ്റഡിന് കൊടുത്ത വകയിൽ 1,38,21,806 രൂപയുടെ നഷ്ടം വരുത്തി. ഡീസൽ നിലയത്തിനുവേണ്ടി സ്ഥലമെടുത്ത് ഒരുക്കുവാൻ ജിയോ ടെക് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന കമ്പനിക്ക് കൊടുത്ത വകയിൽ 2,95,86,150 രൂപയുടെ നഷ്ടം വരുത്തുകയും ചെയ്തു. ബ്രഹ്മപുരം പദ്ധതിയുമായിട്ട് ബന്ധപ്പെട്ട് 25,94,07,956 രൂപയുടെ നഷ്ടം സർക്കാരിന് വരുത്തിയ കേസിലെ അഞ്ചാം പ്രതിയാണ് മുൻമന്ത്രി ശ്രീ. സി.വി. പത്മരാജൻ. ഇനിവരുന്നത് ശ്രീ. ബാലകൃഷ്ണപിള്ളയാണ്. കർണ്ണാടകയിലെ ഗ്രാഫൈറ്റ് കമ്പനിക്ക് വൈദ്യുതി മറിച്ചുവിറ്റ കേസിൽ ഒരു വർഷം തടവും പിഴയും കോടതി ശിക്ഷിച്ചു. (ബി) ഇടമലയാർ കേസിൽ 5 വർഷം പിഴയും തടവും കോടതി ശിക്ഷിച്ചു. ഇതിനപ്പുറം എന്തെങ്കിലും വേണമോ? ഈ കേസ് നടക്കുകയാണ്. ഇനി നമ്മുടെ മുൻമന്ത്രി ശ്രീ. എം.ആർ. രഘുചന്ദ്രബാൽ കണ്ണൂർ കാസർഗോഡ് ജില്ലക്കുവേണ്ടി തയാറാക്കിയ എക്സൈസ് ഗാർഡിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും ചട്ടവും നിയമവും ലംഘിച്ച് നിയമനം നൽകി അഴിമതി കാണിച്ചുവെന്നാണ് ആരോപണം. കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ബി.സി/2/97 കെ. എൻ. ആർ നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ മുൻമന്ത്രി ശ്രീ. എം. ആർ രഘുചന്ദ്രബാൽ പ്രതിയാണ്. ഇനിവരാൻ പോകുന്നത്, ശ്രീ. ജേക്കബ് ഇന്നലെ ഇവിടെ പ്രസംഗിച്ചല്ലോ. എനിക്കെതിരായിട്ട്. അദ്ദേഹം പറഞ്ഞത് ഞാൻ ഒന്നരക്കോടി രൂപയുടെ അഴിമതി നടത്തിയെന്ന് മുഖ്യമന്ത്രി പറഞ്ഞു നടക്കുകയാണ് അത് തെറ്റാണ് അസംബന്ധമാണ്. എന്നൊക്കെയാണ്. 59 ലക്ഷത്തിൽ അദ്ദേഹം അവസാനം ഒതുക്കി. "ഞാൻ അഴിമതി നടത്തിയതായി ആരോപണം ഉള്ളത് 59 ലക്ഷത്തിനാണ് ഒന്നരക്കോടിയില്ല" എന്നുപറഞ്ഞു. എന്നാൽ അത് തെറ്റാണ് അത് പറയാൻ പോകുകയാണ്. അതല്ല യാഥാർത്ഥ്യം, എനിക്കും കുറവ് പറ്റിയെന്നുള്ളതാണ്. ശ്രീ. ടി. എം. ജേക്കബ് ഉൾപ്പെടെയുള്ള മുൻമന്ത്രിമാരുടെ പേരിലെ അഴിമതി കേസിനെ സംബന്ധിച്ചാണ്. എന്താണ് കേസ്? കുരിയാർകുറ്റി - കാരപ്പാറ പദ്ധതിയിലെ കനാൽ പണിയിൽ മാത്രം 57,10,225 രൂപയുടെ നഷ്ടമുണ്ടാക്കി സർക്കാരിന് എന്നുള്ളതാണ് കേസ്. അതാണ് ഇന്നലെ പറഞ്ഞത്. അതിന്റെ കുറ്റപത്രം 1999 ജനുവരി 27- ന് കോഴിക്കോട് വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ കേസിലെ 10-ാം പ്രതിയാണ് ശ്രീ. ടി.എം. ജേക്കബ്, ഇതേ കേസിൽ രണ്ടാമത്തെ (ബി) മൂലത്തറ ഡാമിന്റെ പണിയിൽ നടന്ന അഴിമതിയെ സംബന്ധിച്ച കേസ് അന്വേഷണം നടന്നുവരുന്നു.

(സി) മൂവാറ്റുപുഴ പദ്ധതിയുടെ നിർമ്മാണത്തിൽ കോൺട്രാക്ടർക്ക് അധിക ലാഭം ഉണ്ടാക്കാൻ സഹായിച്ചതിന് ബി.സി 3/98/ഇ.കെ.എം. നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. 2,54,32,347 രൂപയുടെ അധികലാഭം കരാറുകാരനുണ്ടാക്കി കൊടുത്തുവെന്നാണ് കേസ്. ഈ കേസിലെ ഒന്നാം പ്രതിയാണ് ശ്രീ. ടി.എം. ജേക്കബ്. അതുകൊണ്ടാണ് ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

കാണാത്തത്. എന്താണ് പോയതെന്ന് എനിക്കറിയില്ല. അല്ലെങ്കിൽ ഇന്ന് വന്നിരിക്കണ്ടേ? ഇന്നുരാവിലെ അവിടെവന്ന് മറുപടി ഉണ്ടോയെന്ന് നോക്കണ്ടേ? ഞാൻ ഇന്നലെ എല്ലാം കേട്ടുകൊണ്ട് മിണ്ടാതിരിക്കുകയായിരുന്നു. ഇന്നലെ ആരോപണം ഉന്നയിച്ചാൽ ഇന്ന് പറയാൻ ഉദ്ദേശിച്ചിരിക്കുകയായിരുന്നു. ടി. എം. ജേക്കബ് പ്രതിയായ രണ്ടു കേസുകളിലും കൂടി മൊത്തം 3,11,42,572 രൂപ. മൂന്നുകോടിയാണ് ഞാൻ ഒന്നരക്കോടി എന്നു പറഞ്ഞതെന്നാണ് ഇന്നലെ ആരോപണം. എന്നിട്ട് 59 ലക്ഷത്തിന്റെ കണക്കേയുള്ളു എന്നാണ് പറഞ്ഞത്. എന്നിട്ട് ഇന്നലെ ഇവിടെവന്ന് ധാർഷ്ട്യം പറയുകയുണ്ടായി. പക്ഷേ രണ്ടു കേസിലുംകൂടി കണക്കെത്ര? 3,11,42,572 രൂപയുടെ അഴിമതി സർക്കാരിന് നഷ്ടമുണ്ടാക്കിയെന്നാണ്. ഇത് അദ്ദേഹംവരുമ്പോൾ അദ്ദേഹത്തോട് വ്യക്തമായി പറഞ്ഞുകൊടുക്കണം. ഞാൻ ഇന്നലെ കേട്ടിരിക്കുകയായിരുന്നു. ഇതെല്ലാം രേഖയിലുള്ളതാണ്. നമ്മുടെ ആഫീസിലുള്ള രേഖയിലുള്ളതാണ്. ഇതിന്റെയെല്ലാം രേഖ വേണമെങ്കിൽ കമ്സ്റ്റ്യൻ പുട്ടപ്പ് ചെയ്താൽആ രേഖ ഞാൻ കൊണ്ടുവരാം. ഇന്നലെ നിങ്ങൾ പറഞ്ഞത് കേട്ടു ഇന്ന് ഞാൻ പറയുന്നത് കേൾക്കുക, നിങ്ങൾക്ക് രേഖ വേണമെങ്കിൽ കമ്സ്റ്റ്യൻ വന്നാൽ പറയാം ഇല്ലെങ്കിൽ ഞാൻ പറയുകയില്ല. മൂന്നുകോടിയിൽ ചിലാനം രൂപയുടെ അഴിമതി ആരോപണമാണ്. ശ്രീ. കെ. എം. മാണി പറയണം. അതുകൊണ്ട് ബഹുമാനപ്പെട്ട നേതാക്കന്മാർ, ബഹുമാനപ്പെട്ട സുഹൃത്തുക്കളും ഇത്തരത്തിൽ അഴിമതി നടത്തുന്ന നേതാക്കന്മാർക്കെതിരായിട്ട് വളരെ ശക്തമായ നടപടികൾ സ്വീകരിച്ച് നിയമസമാധാനം നമുക്ക് ഉണ്ടാക്കണം, വർഗ്ഗീയ ലഹള ഇല്ലാതിരിക്കണം. പുരോഗമനപരമായി ഈ രാജ്യത്തിലെ ജനങ്ങളുടെ ഭക്ഷ്യം അഭിവൃദ്ധിപ്പെടുത്താനും വിദ്യാഭ്യാസം മുന്നോട്ടുപോകാനുമുള്ള നടപടി സ്വീകരിക്കും. ഇതെല്ലാം രേഖയിലുള്ളതാണ് ഞാനും നിങ്ങളും പറഞ്ഞാൽ തീരുമോ? അഴിമതി നടത്തുന്നവർ സൂക്ഷിച്ചാൽ മതി. ഭാവിയിൽ ഇത് നടത്താതിരിക്കാൻ നമ്മളെല്ലാവരും യോജിച്ച് തീരുമാനിച്ചാൽ മതി. ഇപ്പോൾ വേണമെങ്കിൽ നിങ്ങൾക്ക് രേഖ കൊണ്ടുതരാം. അതുകൊണ്ട് ഞാൻ ആ കാര്യത്തിലേക്കു പോകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരും എല്ലാ പ്രതിപക്ഷാംഗങ്ങളും ഈ നയപ്രഖ്യാപനത്തിന് പിന്തുണ നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർവ്വശ്രീ. പി.കെ. അബ്ദുറബ്ബ്, സി.ടി. അഹമ്മദ്അലി, ഇ.ടി. മുഹമ്മദ് ബഷീർ, പി.പി. തങ്കച്ചൻ, ആര്യാടൻ മുഹമ്മദ്, കെ.എ. ചന്ദ്രൻ, കെ.പി. വിശ്വനാഥൻ, തമ്പാനൂർ രവി, കെ.സി. ജോസഫ്, പാലോട് രവി, ബി. വിജയകുമാർ, പി.ജെ. ഫ്രാൻസിസ്, പി.ജെ. ജോയി, വി. ബാലറാം, കെ. ബാബു, ശ്രീമതി റോസമ്മ ചാക്കോ, ശ്രീമതി രാധാരാഘവൻ, പ്രൊഫ: സാവിത്രി ലക്ഷ്മണൻ എന്നിവർ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

<u>മി. സ്പീക്കർ</u> : ഗവർണറുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 69

1. ശ്രീ. എ. അലി ഹസ്സൻ
2. " ആനത്തലവട്ടം ആനന്ദൻ
3. " എൻ. അനിരുദ്ധൻ
4. " ആന്റണി രാജു

LIBRARY ARCHIVES Kerala Legislative Assembly

5.	"	എൻ.ആർ. ബാലൻ
6.	"	ടി.കെ. ബാലൻ
7.	"	സി.പി. ബാലൻ വൈദ്യർ
8.	ശ്രീമതി	ഭാർഗ്ഗവി തങ്കപ്പൻ
9.	ശ്രീ.	വെങ്ങാനൂർ പി. ഭാസ്കരൻ
10.	"	വി.കെ. ചന്ദ്രൻ
11.	"	ഇ. ചന്ദ്രശേഖരൻ നായർ
12.	"	എം. ദാസൻ
13.	"	പി.സി. ജോർജ്ജ്
14.	ശ്രീമതി.	ഗിരിജാസുരേന്ദ്രൻ
15.	ശ്രീ.	എം.വി. ഗോവിന്ദൻ മാസ്റ്റർ
16.	"	ടി.കെ. ഹംസ
17.	"	കെ.ഇ. ഇസ്മയിൽ
18.	"	സി.എൻ. ജയദേവൻ
19.	"	എം.വി. ജയരാജൻ
20.	"	ടി.എസ്. ജോൺ
21.	ശ്രീ.	ജോൺ ഫെർണാണ്ടസ്
22.	ശ്രീ.	ജോസ് ബേബി
23.	ഡോ.	കെ.സി. ജോസഫ്
24.	ശ്രീ.	പി.ജെ. ജോസഫ്
25.	"	വി.സി. കബീർ
26.	"	എ. കണാരൻ
27.	"	എൻ. കണ്ണൻ
28.	"	എളമരം കരീം
29.	ശ്രീ.	കൃഷ്ണൻ കണിയാംപറമ്പിൽ
30.	"	ഇ.കെ. നായനാർ
31.	ശ്രീ.	പി.കെ. കുമാരൻ
32.	ശ്രീ.	കെ.ടി. കുഞ്ഞഹമ്മദ്
33.	"	പി.ടി. കുഞ്ഞിമുഹമ്മദ്
34.	"	സി.എ. കുര്യൻ
35.	ശ്രീമതി.	ആർ ലതാദേവി
36.	ശ്രീ.	ലോനപ്പൻ നമ്പാടൻ
37.	പ്രൊഫ.	മീനാക്ഷി തമ്പാൻ
38.	ശ്രീ.	പിരപ്പൻകോട് മുരളി
39.	"	ടി. നാണു മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

40. " സി.കെ. നാണു
41. " എം. നാരായണൻ (കുഴൽമന്ദം)
42. ശ്രീ. പി. നാരായണൻ
43. ശ്രീ. ടി.കെ. നൗഷാദ്
44. " കെ. പ്രകാശ് ബാബു
45 ശ്രീമതി എൻ.കെ. രാധ
46. ശ്രീ. പി. രാഘവൻ
47. ശ്രീ. സി.കെ. രാജേന്ദ്രൻ
48. " കെ.പി. രാജേന്ദ്രൻ
49. " പി. രാജു
50 " രാജു എബ്രഹാം
51. " വി.പി. രാമകൃഷ്ണപിള്ള
52. " കടമ്മനിട്ട രാമകൃഷ്ണൻ
53. " ടി.കെ. രാമകൃഷ്ണൻ
54. " എസ്. ശർമ്മ
55. " യു.എസ്. ശശി
56. " കെ.പി. സതീശ് ചന്ദ്രൻ
57. " സത്യൻ മോകേരി
58. ഡോ. സെബാസ്റ്റ്യൻ പോൾ
59. ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
60. ശ്രീ. ടി. ശിവദാസമേനോൻ
61. " ജി. സുധാകരൻ
62. " പി.പി. സുലൈമാൻ റാവുത്തർ
63. " പി.എസ്. സുപാൽ
64. " കടകംപള്ളി സുരേന്ദ്രൻ
65. ശ്രീമതി സുശീലാഗോപാലൻ
66. ശ്രീ. എം.എ. തോമസ്
67. " എം.പി. വർഗ്ഗീസ്
68. " വർഗ്ഗീസ് വൈദ്യർ
69 " പി. വിശ്വൻ

പ്രതികൂലിക്കുന്നവർ = 47

1. ശ്രീ. കെ.പി.എ. മജീദ്
2. " എ.വി. അബ്ദുറഹിമാൻ ഹാജി
3. " പി.കെ. അബ്ദുറബ്ബ്
4. " കെ. അച്ചുതൻ
5. " സി.ടി. അഹമ്മദ് അലി

LIBRARY ARCHIVES Kerala Legislative Assembly

6.	"	എ.കെ. ആന്റണി
7.	"	കെ. ബാബു
8.	"	വി. ബാലറാം
9.	"	കെ.എ. ചന്ദ്രൻ
10.	"	ഡൊമിനിക് പ്രസന്റേഷൻ
11.	"	പി.ജെ. ഫ്രാൻസിസ്
12.	"	ഇസ്ഹാക്ക് കുരിക്കൾ
13.	"	ജോണി നെല്ലൂർ
14.	"	കെ.സി. ജോസഫ്
15.	"	പി.ജെ. ജോയി
16.	"	ജി. കാർത്തികേയൻ
17.	"	കെ.കെ. നായർ
18.	"	മാമ്മൻ മത്തായി
19.	"	കെ.എം. മാണി
20.	"	കെ. മുഹമ്മദാലി
21.	"	ഇ.ടി. മുഹമ്മദ് ബഷീർ
22.	ശ്രീ.	എ.കെ. മണി
23.	"	ആര്യാടൻ മുഹമ്മദ്
24.	"	എം.കെ. മുനീർ
25.	"	എം. മുരളി
26.	"	കെ. നാരായണക്കുറുപ്പ്
27.	"	എഴുകോൺ നാരായണൻ
28.	"	ഉമ്മൻ ചാണ്ടി
29.	"	വി.ജെ. പൗലോസ്
30.	"	അടൂർ പ്രകാശ്
31.	"	തിരുവഞ്ചൂർ രാധാകൃഷ്ണൻ
32.	ശ്രീമതി	രാധാ രാഘവൻ
33.	ശ്രീ	കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
34.	"	തേറമ്പിൽ രാമകൃഷ്ണൻ
35.	"	പാലോട് രവി
36.	"	തമ്പാനൂർ രവി
37.	ശ്രീമതി	റോസമ്മ ചാക്കോ
38.	പ്രൊഫ.	സാവിത്രി ലക്ഷ്മൺ
39.	ശ്രീമതി	ശോഭനാ ജോർജ്ജ്
40.	ശ്രീ.	കെ. സുധാകരൻ

LIBRARY ARCHIVES Kerala Legislative Assembly

41. " എൻ. സുന്ദരൻ നാടാർ
42. " പി.പി. തങ്കച്ചൻ
43. " സി.എഫ്. തോമസ്
44. " തോമസ് ചാഴികാടൻ
45. " കെ.സി. വേണുഗോപാൽ
46. " ബി. വിജയകുമാർ
47. " കെ.പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നർ - ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 69
പ്രതികൂലിക്കുന്നവർ - 47
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

നന്ദി പ്രമേയം സഭ അംഗീകരിച്ചു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

24.2.2000 രാവിലെ 8.30ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.20 -ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly